بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 8

ലക്കം 18

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മെയ് 4/ ഹി.ശം 1402 ഹിജ്റത്ത് 4/ ഹി:ഖ 1444 ശവ്വാൽ 13

## അല്ലാഹുവിന്റെ വചനം

قَوۡلٌ مَّعۡرُوۡفٌ وَّمَغۡفِرَۃٌ خَیۡرٌ مِّنۡ صَدَقَۃٍ یَّتۡبَعُہَاۤ اَذًی ؕ وَاللّٰہُ غَنِیٌّ حَلِیۡمٌ ۝۲۶۳

'നല്ല വാക്കു പറയുന്നതും (തെറ്റുകുറ്റങ്ങൾ) മാപ്പു ചെയ്തു കൊടുക്കുന്നതും ഉപദ്രവവാക്കുകൾ പിന്തുടരുന്ന ദാനധർമത്തെക്കാൾ ഉത്തമമാകുന്നു. അല്ലാഹു സ്വയം പര്യാപ്തനും സഹിഷ്ണുതയുള്ളവനുമാണ്.' (2:264)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

**രണ്ടു ഈദിന്റേയും രാത്രികളിൽ തഹജ്ജുദ് നമസ്കരിക്കുന്നവരുടെ മനസ്സുകളെ ശാശ്വതമായി ജീവിപ്പിക്കുന്നതായിരിക്കും.**

✸ നബി(സ)തിരുമേനി പറഞ്ഞു: ആരാണോ രണ്ടു പെരുന്നാളിന്റേയും രാത്രികളിൽ അല്ലാഹുവിനു വേണ്ടിമാത്രം യിബാദത്ത് ചെയ്യുന്നത് അവന്റെ ഹൃദയം എന്നെന്നേക്കുമായി ജീവിപ്പിക്കുന്നതായിരിക്കും. മുഴുവൻ ലോകത്തിന്റെയും ഹൃദയം മരിക്കുമ്പോഴും അവന്റെ അവന്റെ ഹൃദയം മരിക്കുകയില്ല. (സുനൻ ഇബ്നുമാജ കിതാബുസ്സിയാം, ഹദീഥ് 1782)

✸ നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളുടെ ഈദുകളെ അല്ലാഹുവിന്റെ മാഹാത്മ്യം വിവരിച്ചുകൊണ്ട് അലങ്കരിക്കുക.(കൻസുൽ ഉമ്മാൽ, ഭാഗം 8, പേജ് 546, ബാബു സ്വദഖത്തുൽ ഫിത്വ ്ർ, ഹദീഥ് 24094, മുഅസ്സസത്തുർരിസാല ബെയ്റുത്ത് 1985)

✸ നബി(സ)തിരുമേനി പറഞ്ഞു: തക്ബീർ, തഹ്‌ലീൽ, ഹദും ഥനായും ചെയ്തുകൊണ്ട് നിങ്ങളുടെ പെരുന്നാളുകൾക്ക് സൗന്ദര്യം പ്രദാനം ചെയ്യുക. (കൻസുൽഉമ്മാൽ, ഭാഗം 8, പേജ് 546, ബാബു സ്വദഖത്തുൽ ഫിത്വ്ർ, ഹദീഥ് 24095, മുഅസ്സസത്തുർരിസാല ബെയ്റുത്ത് 1985)(ഖുത്വ്ബ ജുമുഅ 2004 നവംബർ 14 ഖലീഫത്തുൽ മസീഹ് അൽഖാമിസ്)

**ഇസ്‌ലാമിൽ രണ്ടു ഈദുകളുണ്ട്. ആ രണ്ടു ദിനങ്ങളും വലിയ സന്തോഷത്തിന്റെ ദിനങ്ങളായി അംഗീകരിക്കപ്പെടുന്നു. അവയിലും അത്ഭുതകരങ്ങളായ ബർക്കത്തുകൾ വെച്ചിരിക്കുന്നു. പക്ഷേ, ഓർമിക്കുക! ഈ ദിവസം നിസ്സംശയം അതാതിന്റെ സ്ഥാനത്ത് അനുഗൃഹീതവും സന്തോഷവും അടങ്ങുന്ന ദിവസമാണ്. പക്ഷേ ഒരു ദിവസം അവയെക്കാളൊക്കെ ഉപരി അനുഗ്രഹത്തിന്റേയും സന്തോഷത്തിന്റേയും ദിവസമാണ്. എന്നാൽ, ഖേദകരമായി നോക്കപ്പെടുന്നത് ആളുകൾ ആ ദിവസത്തെ പ്രതീക്ഷിച്ചിരിക്കുകയോ അതിനെ അന്വേഷിക്കുകയോ ചെയ്യുന്നില്ലെന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"എല്ലാ സാഹിബുമാരും ഓർമവെക്കുക! അല്ലാഹു ഇസ്‌ലാമിൽ വലിയ സന്തോഷത്തിന്റെ ദിനമായി മനസ്സിലാക്കപ്പെടുന്ന ഒരു ദിവസം നിശ്ചയിച്ചിരിക്കുന്നു. അതിൽ അല്ലാഹു വിസ്മയകരമായ ബർക്കത്തുകൾ വെച്ചിരിക്കുന്നു. ഈ ദിനങ്ങൾക്കുപുറമെ ഒരു ജുമുഅ ദിവസവുമുണ്ട്. ഈ ദിവസവും വലിയ അനുഗൃഹീതമാണ്. അല്ലാഹു ഹദ്റത്ത് ആദമിനെ സൃഷ്ടിച്ചത് വെള്ളിയാഴ്ചയായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. ആ ദിവസം അദ്ദേഹത്തിന്റെ തൗബയും സ്വീകരിക്കപ്പെട്ടു. വേറെയും ഒരുപാട് അനുഗ്രഹങ്ങളും ഗുണങ്ങളും ആ ദിവസത്തിന്റെ ഫലമുളവാക്കുന്നതായിട്ടുണ്ട്. അപ്രകാരം ഇസ്‌ലാമിൽ രണ്ടു ഈദുകളുണ്ട്. ആ രണ്ടു ദിനങ്ങളും വലിയ സന്തോഷത്തിന്റെ ദിനങ്ങളായി അംഗീകരിക്കപ്പെടുന്നു. അവയിലും അത്ഭുതകരങ്ങളായ ബർക്കത്തുകൾ വെച്ചിരിക്കുന്നു. പക്ഷേ, ഓർമിക്കുക! ഈ ദിവസം നിസ്സംശയം അതാതിന്റെ സ്ഥാനത്ത് അനുഗൃഹീതവും സന്തോഷവുമടങ്ങുന്ന ദിവസമാണ്. പക്ഷേ ഒരു ദിവസം അവയെക്കാളൊക്കെ ഉപരി അനുഗ്രഹത്തിന്റേയും സന്തോഷത്തിന്റേയും ദിവസമാണ്. എന്നാൽ, ഖേദകരമായി നോക്കപ്പെടുന്നത് ആളുകൾ ആ ദിവസത്തെ പ്രതീക്ഷിച്ചിരിക്കുകയോ അതിനെ അന്വേഷിക്കുകയോ ചെയ്യുന്നില്ലെന്നതാണ്. അതിന്റെ അനുഗ്രഹങ്ങളേയും ഗുണങ്ങളേയും കുറിച്ച് ആളുകൾ അറിഞ്ഞിരുന്നെങ്കിൽ അല്ലെങ്കിൽ അതിനെ വക വെച്ചിരുന്നെങ്കിൽ യഥാർഥത്തിൽ ആ ദിവസം അവർക്ക് അനുഗ്രഹത്തിന്റേയും സൗഭാഗ്യത്തിന്റേയും ദിവസമായി സ്ഥാപിതമാകുമായിരുന്നു. ആളുകൾ അതിനെ ഗനീമത്തായി മനസ്സിലാക്കുമായിരുന്നു. ജുമുഅയെക്കാളും പെരുന്നാളുകളെക്കാളും ഉദാത്തവും അനുഗ്രഹവുമായ ആ ദിവസം ഏതാണ്? ഞാൻ നിങ്ങൾക്ക് പറഞ്ഞു തരികയാണ്, ആ ദിവസം തൗബ ചെയ്ത് മടങ്ങുന്ന ദിവസമാണ്. അത് ഇവയെക്കാളെല്ലാം ഉത്തമമാണ്. എല്ലാ പെരുന്നാളുകളെക്കാളും ശ്രേഷ്ഠകരമാണ്. എന്തുകൊണ്ട്? ആ ദിവസമാണ് മനു


(ശേഷം പേജ് 12 ൽ)

**ഒരു മുസ്‌ലിമിന്റെ പെരുന്നാളിൽ മുഹമ്മദു റസൂലുല്ലാഹി(സ) പങ്കെടുക്കാതെ, ആ ബാഹ്യമായ പെരുന്നാളിൽ അവൻ സംതൃപ്തനായാൽ അവന്റെ പെരുന്നാൾ ഒന്നിനും കൊള്ളരുതാത്തതാണ്. ആ ദിവസം സന്തോഷിക്കാൻ അല്ലാഹു കൽപന നല്കിയിട്ടുണ്ടെന്നതിൽ സംശയമില്ല. നമ്മൾ സന്തോഷം ആഘോഷിക്കാൻ നിർബന്ധിതരാകുകയാണ്. പക്ഷേ, എങ്കിലും മുഹമ്മദു റസൂലുല്ലായും(സ) ഇസ്‌ലാമിന്റെ പെരുന്നാളും വരാത്തതുകൊണ്ട് നമ്മുടെ മനസ്സ് കരഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. മുഹമ്മദു റസൂലുല്ലായും(സ) ഇസ്‌ലാമിന്റെ പെരുന്നാളും സോയാം തിന്നുന്നതുകൊണ്ട് വരികയില്ല. ശേർഖർമ തിന്നുന്നതുകൊണ്ടും വരികയില്ല. പ്രത്യുത അവരുടെ പെരുന്നാൾ ഖുർആനും ഇസ്‌ലാമും വ്യാപിക്കുന്നതുകൊണ്ടാണ് വരുന്നത്.**

ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) പറയുന്നു: "സ്നേഹിതന്മാരോടു പറയാനാഗ്രഹിക്കുന്നത് മുഹമ്മദു റസൂലുല്ലാഹി(സ)യുടെ പെരുന്നാൾ മാത്രമെ വാസ്തവത്തിൽ നമ്മുടെ പെരുന്നാൾ ആകുകയുള്ളു. മുഹമ്മദു റസൂലുല്ലാഹ്(സ) ഇല്ലാതെ നമ്മൾ പെരുന്നാൾ ആഘോഷിക്കുകയാണെങ്കിൽ നമ്മുടെ പെരുന്നാൾ ഒരിക്കലും പെരുന്നാൾ എന്ന് പറയപ്പെടുകയില്ല. പ്രത്യുത അത് ദുഃഖമായിരിക്കും; മയ്യിത്ത് കിടക്കുന്ന ഏതെങ്കിലും വീടുപോലെ, അവരുടെ ഏതെങ്കിലും വലിയ ആൾ വഫാത്തായതുപോലെ. അപ്പോൾ എത്ര പെരുന്നാൾപിറ കണ്ടാലും അവർക്ക് പെരുന്നാൾദിവസം ദുഃഖംപോലുള്ള ദിവസംതന്നെയായിരിക്കും. ഇപ്രകാരം ഒരു മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം മുഹമ്മദു റസൂലുല്ലാഹി(സ) വഫാത്തായി 1300 വർഷത്തിലധികം കടന്നു കഴിഞ്ഞിട്ടുണ്ടെങ്കിലും അവന്റെ പെരുന്നാളിൽ മുഹമ്മദു റസൂലുല്ലാഹി(സ) പങ്കെടുക്കാതെ ഈ ബാഹ്യമായ പെരുന്നാളിൽ അവൻ സംതൃപ്തനായാൽ അവന്റെ പെരുന്നാൾ ഒന്നിനും കൊള്ളരുതാത്തതാണ്. ആ ദിവസം സന്തോഷിക്കാൻ അല്ലാഹു കൽപന നല്കിയിട്ടുണ്ടെന്നതിൽ സംശയമില്ല. നമ്മൾ സന്തോഷം ആഘോഷിക്കാൻ നിർബന്ധിതരാകുകയാണ്. പക്ഷേ, എങ്കിലും മുഹമ്മദു റസൂലുല്ലായും(സ)ഇസ്‌ലാമിന്റെ പെരുന്നാളും വരാത്തതുകൊണ്ട് നമ്മുടെ മനസ്സ് കരഞ്ഞുകൊണ്ടിരിക്കേണ്ടതാണ്. മുഹമ്മദു റസൂലുല്ലായും(സ) ഇസ്‌ലാമിന്റെ പെരുന്നാളും സോയാം തിന്നുന്നതുകൊണ്ട് വരികയില്ല. ശേർഖർമ തിന്നുന്നതുകൊണ്ടും വരികയില്ല. പ്രത്യുത അവരുടെ പെരുന്നാൾ ഖുർആനും ഇസ്‌ലാമും വ്യാപിക്കുന്നതുകൊണ്ടാണ് വരുന്നത്. ഖുർആനും ഇസ്‌ലാമും വ്യാപിക്കുകയാണെങ്കിൽ നമ്മുടെ പെരുന്നാളിൽ മുഹമ്മദു റസൂലുല്ലായും(സ) പങ്കെടുക്കുന്നതായിരിക്കും. താൻ വഫാത്തായിട്ട് 1300-ൽ അധികം വർഷം കഴിഞ്ഞുകടന്നെങ്കിലും ഏതൊരു ദൗത്യവുംകൊണ്ടാണോ താൻ വന്നിരുന്നത് ഇന്നുവരെ തന്റെ ഉമ്മത്ത് അതു നിലനിറുത്തിയിരിക്കുന്നുവെന്നതിൽ അവിടന്ന് സന്തോഷിക്കുന്നതായിരിക്കും.

അതുകൊണ്ട് നമ്മുടെ പെരുന്നാളിൽ മുഹമ്മദു റസൂലുല്ലാഹി(സ)യും പങ്കെടുക്കുന്നതിന് ഇസ്‌ലാമിന്റെ പ്രചാരണത്തിനും ഖുർആനിന്റെ പ്രചാരണത്തിനും ശ്രമിക്കുക. ഇന്നത്തെ ഈ പെരുന്നാൾ മുഹമ്മദു റസൂലുല്ലായുടേയും പെരുന്നാളാണെങ്കിൽ അപ്പോൾപ്പിന്നെ എല്ലാ മുസ്‌ലിമീങ്ങളുടേയും പെരുന്നാളാണ്. എന്നാൽ, ഇന്നത്തെ ഈ പെരുന്നാളിൽ മുഹമ്മദു റസൂലുല്ലാഹ്(സ) പങ്കെടുക്കുന്നില്ലെങ്കിൽ അത് എല്ലാ മുസ്‌ലിമീങ്ങളുടേയും പെരുന്നാളല്ല. പ്രത്യുത അവർക്ക് ദുഃഖത്തിന്റെ ദിവസമാണ്. അതുകൊണ്ട് ഈ പോയന്റ് ഓർമവെക്കുക. നമ്മുടെ ജമാഅത്തിന് ഒരു പരിധിവരെ

(ശേഷം പേജ് 12 ൽ)




ജുമുഅ ഖുത്വ്ബ 2023 മാർച്ച് 31 (സമ്പൂർണ തർജമ)

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

നമുക്ക് റമളാനിലെ യഥാർഥ അനുഗ്രഹമെടുക്കണമെങ്കിൽ ആരാധനാകർമങ്ങളോടൊപ്പം
വിശുദ്ധ ഖുർആൻ ഓതുന്നതിലും അതിൽ ചിന്തിക്കുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതായിവരും.

നമ്മളും ഈ മാസത്തിൽ പ്രത്യേകമായ നിലയിൽ വിശുദ്ധ ഖുർആൻ ഓതുന്നതിലും കേൾക്കുന്നതിലും അതിന്റെ വ്യാഖ്യാനം വായിക്കുന്നതിലും കേൾക്കുന്നതിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. എം.ടി.എ യിലും ഇതിന്റെ പരിപാടികൾ വരുന്നുണ്ട്. ദറസും വരുന്നുണ്ട്. അതിൽ ശ്രദ്ധിക്കുക.

നമ്മൾ വിശുദ്ധ ഖുർആൻ ഓതുന്നതോടൊപ്പം അതിന്റെ തർജമയും വ്യാഖ്യാനവും കൂടി വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോഴാണ് അതിലെ കല്പനകളുടെ പ്രാധാന്യം മനസ്സിലാകുന്നതും അത് ജീവിതത്തിന്റെ ഭാഗമാക്കാൻ സാധിക്കുന്നതും നമ്മുടെ ജീവിതത്തെ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് വാർത്തെടുക്കാൻ കഴിയുന്നതും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരായിത്തീരുന്നതും.

**വിശുദ്ധ ഖുർആൻ സ്ഥായിയും അനശ്വരവുമായ ഗ്രന്ഥമാകുന്നു.**

“നബി(സ)തിരുമേനിയുടെ മനഃശക്തിയുടേയും കഴിവിന്റേയും നിശ്ചയദാർഢ്യത്തിന്റേയും പരിധി വളരെ വിശാലമായിരുന്നു. അതുകൊണ്ട് ആ മഹാത്മാവിന് കിട്ടിയ ഗ്രന്ഥവും ആ നിലയ്ക്കും സ്ഥാനത്തിനും അനുസരിച്ചുള്ളതാണ്. ആ നിലയും സ്ഥാനവുമുള്ള മറ്റൊരു വ്യക്തിയും ഇനി ഉണ്ടാകുകയില്ല.” (ഹദ്റത്ത് മസീഹ് മൗഊദ്(അ))

**വിശുദ്ധ ഖുർആൻ എല്ലാ അധ്യാപനങ്ങളുടേയും കലവറയാണ്.**

**സകല ഉദ്ദേശ്യങ്ങൾകൊണ്ടും നന്മകൾകൊണ്ടും നിറഞ്ഞതാണ് വിശുദ്ധ ഖുർആൻ.**

ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ഈയിടെയായി കുട്ടികളുടേയും വലിയവരുടേയും ബുദ്ധിയെ വിഷലിപ്തമാക്കുന്നതിൽനിന്ന് രക്ഷപ്പെടാൻ കഴിയണമെന്ന ഉദ്ദേശ്യത്തോടുകൂടി നമ്മൾ വിശുദ്ധ ഖുർആൻ ഓതുകയും മനസ്സിലാക്കുകയും വേണം.

വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിന്റെ യാഥാർഥ്യം എത്രത്തോളം മനസ്സിലാക്കുന്നുവെന്നും അതനുസരിച്ച് എത്രത്തോളം പ്രവർത്തിക്കുന്നുവെന്നും അഹ്മദികളായ നമ്മൾ എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

**റമളാൻ മാസത്തിൽ ദുആകളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുക.**

അല്ലാഹു എല്ലാ സ്ഥലത്തും എല്ലാ അഹ്മദികളേയും എല്ലാ ദ്രോഹങ്ങളിൽനിന്നും രക്ഷിക്കുമാറാകട്ടെ. അല്ലാഹുവിന്റെ ദൃഷ്ടിയിൽ പരിഷ്കരണാർഹർ അല്ലാത്തവരെ ഗുണപാഠത്തിന്റെ അടയാളമാക്കുമാറാകട്ടെ; മറ്റുള്ളവർ അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരാകാൻ!

ലോകത്തിന് പൊതുവായും ദുആ ചെയ്യുക. അല്ലാഹു യുദ്ധത്തിന്റെ വിപത്തുകളിൽനിന്ന് ലോകത്തെ രക്ഷിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വിജ്ഞാനഭരിതമായ മാർഗ നിർദേശങ്ങളുടെ വെളിച്ചത്തിൽ വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതകൾ, സ്ഥാനം, പദവി, മഹത്ത്വം എന്നിവയെ കുറിച്ചുള്ള വിവരണം.

**അല്ലാഹുവിന്റെ ദൃഷ്ടിയിൽ പരിഷ്കരണാർഹർ അല്ലാത്തവരെ ഗുണപാഠത്തിന്റെ അടയാളമാക്കുന്നതിന് അനുഗൃഹീത റമളാൻ മാസത്തിൽ പ്രത്യേകം ദുആ ചെയ്യാൻ ആഹ്വാനം.**

പശ്ചിമാഫ്രിക്കയിലെ മുൻ മുബല്ലിഗ് **മൗലാനാ മുനവ്വർ ഖുർശിദ് അഹ്മദ് സാഹിബ്**, **ഇഖ്ബാൽ അഹ്മദ് മുനീർ സാഹിബ്** മുബല്ലിഗ് പാക്കിസ്താൻ, **സയ്യിദ് നുസ്റത്ത് ജഹാൻ സാഹിബ** ഖാദിയാൻ എന്നിവരെകുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 മാർച്ച് 31/1402 അമാൻ 31**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഈയിടെയായി നമ്മൾ റമളാൻ മാസത്തിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ മാസത്തിൽ ഒരാത്മീയ ചുറ്റുപാട് ഉണ്ടാകുന്നു. വിശ്വാസികളുടെ ജമാഅത്തിൽ ഈ അന്തരീക്ഷം ഉണ്ടാകേണ്ടതുമാണ്. ഈ മാസത്തിൽ നോമ്പുകളോടൊപ്പം ഇബാദത്തുകളിലേക്കും കൂടുതൽ ശ്രദ്ധയുണ്ടാകുന്നു. അത് ഉണ്ടാകേണ്ടതുമാണ്. വിശുദ്ധ ഖുർആൻ ഓതാനും കേൾക്കാനും കൂടുതൽ ശ്രദ്ധയുണ്ടാകുന്നു. നോമ്പുകളുടെ യഥാർഥ അനുഗ്രഹം കരസ്ഥമാക്കണമെങ്കിൽ ഇബാദത്തുകളോടൊപ്പം വിശുദ്ധ ഖുർആൻ ഓതാനും കേൾക്കാനും കൂടുതൽ ശ്രദ്ധ ഉണ്ടാക്കേണ്ടതുണ്ട്. റമളാനു വിശുദ്ധ ഖുർആനുമായി പ്രത്യേക ബന്ധമുണ്ട്. അഥവാ വിശുദ്ധ ഖുർആന് റമളാനുമായി ഒരു ബന്ധമുണ്ട്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *ശഹ്റു റമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആനു ഹുദൻല്ലിന്നാസി വ ബയ്യിനാത്തിൻമ്മിനൽഹുദാ വൽഫുർഖാൻ*(2:186) റമളാൻ മാസം വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു. ഈ വിശുദ്ധ ഖുർആൻ മുഴുമനുഷ്യർക്കും സന്മാർഗമായി അയക്കപ്പെട്ടതാണ്. അത് വ്യക്തമായ തെളിവുകൾ ഉൾക്കൊള്ളുന്നതാകുന്നു. അത് സന്മാർഗം നൽകുന്നു. അതിൽ ദൈവികാടയാളങ്ങളുമുണ്ട്.

റമളാൻ മാസം 24-നാണ് നബി(സ)തിരുമേനിക്ക് ആദ്യത്തെ വഹി ഉണ്ടായതെന്ന് ചില വിശ്വാസയോഗ്യമായ രിവായത്തുകളിൽ പറയുന്നു. (സുനനുൽകുബ്റാ ലിൽബയ്ഹഖി, കിതാബുൽ ജിസ് യ, വാല്യം 9, പേജ് 317, ഹദീഥ് 18649, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)

അങ്ങനെ എല്ലാ വർഷവും ജിബ്രീൽ(അ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് വിശുദ്ധ ഖുർആൻ ഒരാവർത്തി റമളാനിൽ പൂർത്തിയാക്കുമായിരുന്നു. അവസാന വർഷം രണ്ടു തവണ ഈ റൗണ്ട് പൂർത്തിയാക്കുകയുണ്ടായി.(സ്വഹീഹുൽ ബുഖാരി, കിതാബുഫളാഇലുൽ ഖുർആൻ, ഹദീഥ് 4998)

ചുരുക്കത്തിൽ വിശുദ്ധ ഖുർആന് റമളാനുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക പ്രാധാന്യമുണ്ട്. നമ്മളും ഈ മാസത്തിൽ വിശുദ്ധഖുർആൻ ഓതാനും കേൾക്കാനും അതിന്റെ തഫ്സീർ പഠിക്കാനും കേൾക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. MTA-യിലും പ്രോഗ്രാമുകളും ദർസുകളും വരുന്നുണ്ട്. അതിലേക്കും ശ്രദ്ധ ചെലുത്തേണ്ടതാണ്.

വിശുദ്ധ ഖുർആൻ പാരായണത്തോടൊപ്പം അതിന്റെ തർജമയും അതിന്റെ തഫ്സീറും വായിക്കുകയും കേൾക്കുകയും ചെയ്യുമ്പോഴാണ് നമുക്ക് അതിൽ വിവരിച്ച കൽപനകളുടെ പ്രാധാന്യം മനസ്സിലാകുക. അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ കഴിയുക. നമ്മുടെ ജീവിതത്തെ ഖുർആനിക അധ്യാപനം അനുസരിച്ച് വാർത്തെടുക്കാൻ കഴിയുക. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വായത്തമാക്കാനും കഴിയുന്നതാണ്.

ചുരുക്കത്തിൽ റമളാനിന്റെ യഥാർഥ അനുഗ്രഹങ്ങൾ സ്വായത്തമാക്കണമെങ്കിൽ വിശുദ്ധ ഖുർആൻ പാരായണവും അതെ കുറിച്ചുള്ള വിചിന്തനവും അനിവാര്യമാണ്. മസ്ജിദുകളിൽ ദർസിന് സംവിധാനമുള്ള ഇടങ്ങളിൽ ദർസ് കേൾക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ പ്രാധാന്യവും അതിന്റെ സൗന്ദര്യവും അതിന്റെ പ്രകാശമയമായ ദൃഷ്ടാന്തങ്ങളും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് വളരെ വ്യക്തമാക്കി തന്നിരിക്കുന്നു. കുറച്ച് കാലങ്ങളായി ഖുത്ബകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ ഉദ്ധരണികൾ ഞാൻ വിവരിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതു കൂടെക്കൂടെ കേൾക്കുകയും വായിക്കുകയും അതെ കുറിച്ച് ചിന്തിക്കുകയും ചെയ്യേണ്ടത് ശരിയായ രീതിയിൽ അതിന്റെ അറിവ് നമുക്കുള്ളിൽ ഉണ്ടാക്കിയെടുക്കാൻ അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽത്തന്നെ ഇന്നും ചില ഉദ്ധരണികൾ കേൾപ്പിക്കുന്നതാണ്.

വിശുദ്ധഖുർആൻ സ്ഥായിയും ശാശ്വതവുമായ ന്യായപ്രമാണമാണ് എന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിന്റെ യുക്തിയും കൽപനകളും രണ്ടു വിധത്തിലാണുള്ളത്. ചിലത് സ്ഥായിയായതും ശാശ്വതവുമാണ്. മറ്റു ചിലത് സാന്ദർഭികവും സമയബന്ധിതവുമായ ആവശ്യങ്ങളെ മുൻനിറുത്തി ഇറങ്ങിയവയാണ്. എങ്കിലും അവയ്ക്കും അതിന്റേതായ തലത്തിൽ ഒരു സ്ഥിരതയുണ്ട്; അത് സമയാനുസൃതമാണെങ്കിലും ശാശ്വതമാണെങ്കിലും ശരി. പക്ഷേ, അവ സമയാധിഷ്ഠിതമായിരിക്കും. ഉദാഹരണമായി യാത്രയിൽ നമസ്കാരവും നോമ്പും സംബന്ധിച്ച കൽപനകൾ. സ്ഥിരമായി താമസിക്കുന്ന സ്ഥലങ്ങളിലുള്ള അവസ്ഥകൾ. അതായത് യാത്രയിലും നമസ്കാരമുണ്ട്. നമസ്കാരങ്ങൾ ജംആക്കുന്നതിനും ഖസ്ർ ആക്കുന്നതിനും അനുവാദമുണ്ട്. പക്ഷേ, പൊതുവിൽ നമസ്കാരങ്ങൾ പൂർണമായും അനുഷ്ഠിക്കേണ്ടതാണ്. അതുപോലെയാണ് യാത്രകളിലുള്ള നോമ്പ്. പൊതുവായ അവസ്ഥയിൽ ആരോഗ്യമുള്ള ഓരോരുത്തർക്കും നോമ്പെടുക്കേണ്ടത് നിർബന്ധമാണ്." തുടർന്ന് പറയുന്നു: "ഉദാഹരണമായി മറ്റൊരു കൽപന നോക്കുക. ഒരു സ്ത്രീ പുറത്തേക്കിറങ്ങുമ്പോൾ ബുർഖ ധരിച്ചുകൊണ്ട് ഇറങ്ങുന്നു. ഈ കൽപന സ്ത്രീകൾക്ക് പ്രത്യേക സാഹചര്യത്തിലുള്ളതാണ്. എന്നാൽ, വീടിനുള്ളിൽ ബുർഖ ധരിക്കേണ്ടതില്ല. പർദയുടെ കൽപന വീട്ടിൽനിന്ന് പുറത്തു പോകുമ്പോഴുള്ള കൽപനയാണ്. പിന്നെ ആരോടെല്ലാമാണ് പർദ ആചരിക്കേണ്ടത് ആരോടെല്ലാം അങ്ങനെ ആചരിക്കേണ്ട എന്നുമുണ്ട്." തുടർന്ന് ആ മഹാത്മാവ് തൗറാത്തിന്റേയും ഇഞ്ചീലിന്റേയും കൽപനകളെ താരതമ്യം ചെയ്തുകൊണ്ട് പറയുന്നു: "അതെല്ലാം സാന്ദർഭികമായി ആവശ്യങ്ങൾക്കനുസൃതമായിട്ടുള്ളതാകുന്നു. നബി(സ)തിരുമേനി കൊണ്ടുവന്ന ശരീഅത്തും ഗ്രന്ഥവും ശാശ്വതവും സ്ഥായിയായിട്ടുള്ളതുമായ ന്യായപ്രമാണമാകുന്നു. അതുകൊണ്ടുതന്നെ അതിൽ വിവരിച്ചിട്ടുള്ള കാര്യങ്ങൾ സമ്പൂർണവും പരിപക്വവുമാകുന്നു. വിശുദ്ധ ഖുർആനിന്റെ നിയമങ്ങൾ ശാശ്വതമാണ്. തൗറാത്തും ഇഞ്ചീലും വിശുദ്ധ ഖുർആൻ വന്നില്ലെങ്കിൽപോലും കാലഹരണപ്പെട്ടു പോകുമായിരുന്നു. കാരണം അവ ശാശ്വതവും സ്ഥായിയായതുമായ നിയമങ്ങളല്ലെന്നതുതന്നെ!(മൽഫൂദാത്ത് വാള്യം 3, പേജ് 42, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ പ്രാധാന്യമെന്തെന്നാൽ ഖുർആനിക മാർഗദർശനങ്ങൾ എല്ലാ കാലത്തിനും അനുസൃതമായിട്ടുള്ളതാണ്. അതുതികച്ചും സമ്പൂർണമായ അധ്യാപനമാകുന്നു. എല്ലാ കാലഘട്ടത്തേക്കുമുള്ളതുമാകുന്നു. ആക്ഷേപിക്കുന്നവർ, ഉദാഹരണമായി പർദയെ സംബന്ധിച്ചിട്ടുള്ള കാര്യത്തിലും ആക്ഷേപം ഉന്നയിക്കുന്നു. അത് ഈ കാലഘട്ടത്തിനു അനിവാര്യമല്ലെന്നും പറയുന്നു. ചിലപ്പോൾ നമ്മുടെ പെൺകുട്ടികളും അതിൽ പ്രഭാവിതരാകുന്നു. പക്ഷേ, ഇവരൊക്കെ സ്വയം അംഗീകരിക്കുന്ന ഒരു യാഥാർഥ്യമുണ്ട്. അതെക്കുറിച്ച് വലിയ വലിയ ലേഖനങ്ങളും എഴുതുന്നു. വനിതാ സംഘടനകളും ഇക്കാര്യത്തിൽ ശബ്ദമുയർത്താൻ തുടങ്ങിയിരിക്കുന്നു. പത്രങ്ങളിലും അത് സംബന്ധിച്ച് എഴുതുന്നുണ്ട്. ചില സമയങ്ങളിൽ സ്ത്രീ-പുരുഷന്മാർ പരസ്പരം ഇടകലരുമ്പോൾ വലിയ അസ്വസ്ഥതകൾ ഉടലെടുക്കുന്നു. മാത്രമല്ല രണ്ടു കൂട്ടർക്കും വെവ്വേറെ സംവിധാനമുണ്ടാകണമെന്നും ചില ആളുകൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു.

തന്റെ ആഗമന ലക്ഷ്യത്തെ വിവരിച്ചുകൊണ്ടും വിശുദ്ധ ഖുർആൻ സമ്പൂർണ ന്യായപ്രമാണമാണെന്ന് വിവരിച്ചുകൊണ്ടും അദ്ദേഹം പറയുന്നു: "ഈ കാര്യങ്ങൾ ഹൃദയപൂർവ്വം കേൾക്കുവിൻ! എന്റെ ആഗമനോദ്ദേശ്യമെന്താണ്? ഞാൻ വന്നതിന്റെ ഉദ്ദേശ്യം ഇസ്ലാമിനെ പുനരുജ്ജീവിപ്പിക്കാനും സഹായിക്കാനുമാണ്. അതുകൊണ്ട് ഞാൻ ഒരു പുതിയ ശരീഅത്ത് പഠിപ്പിക്കാനോ പുതിയ കൽപനകൾ നൽകുന്നതിനോ പുതിയൊരു ഗ്രന്ഥം ഇറക്കുന്നതിനോ വന്നിരിക്കുകയാണെന്ന് ധരിക്കരുത്. ഒരിക്കലും അങ്ങനെയല്ല. അങ്ങനെയാരെങ്കിലും കരുതുന്നുവെങ്കിൽ എന്റെ വീക്ഷണത്തിൽ അയാൾ കഠിനമായ ദുർമാർഗിയും ദീനില്ലാത്തവനുമാകുന്നു. നബി(സ)തിരുമേനിയിൽ ശരീഅത്തും നുബുവ്വത്തും സമ്പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഇനി ഒരു ശരീഅത്തും വരാവതല്ല. വിശുദ്ധ ഖുർആൻ അവസാനത്തെ ഗ്രന്ഥമാകുന്നു. അതിൽ ഇനി ഒരു വള്ളിയോ പുള്ളിയോ കൂട്ടാനോ കുറയ്ക്കാനോ പഴുതില്ല. അതെല്ലാ കാലഘട്ടത്തിലും പുതുപുത്തനായി നിലനിൽക്കുന്നതായിരിക്കും. ഈ അനുഗ്രഹങ്ങളുടെ തെളിവിനുവേണ്ടി അല്ലാഹു എന്നെ എഴുന്നേൽപ്പിച്ചിരിക്കുന്നു.(മൽഫൂദാത്ത് വാള്യം 8, പേജ് 45, 1984 പതിപ്പ്) അതായത് ഖുർആനിക അധ്യാപനങ്ങൾ എല്ലാവർക്കും മനസ്സിലായെന്നു വരില്ല. പല കാര്യങ്ങളും വിശദീകരണാർഹവും വ്യാഖ്യാനാർഹവുമാണ്. അവയെ വിവരിക്കുന്നതിന് അല്ലാഹു ഈ അവസാന കാലഘട്ടത്തിൽ തന്നെ അയച്ചിരിക്കുന്നുവെന്നാണ് ആ മഹാത്മാവ് പറയുന്നത്.

തുടർന്ന് പറയുന്നു: "വിശുദ്ധ ഖുർആൻ ഒരു അത്ഭുതമാകുന്നു. അതുപോലൊന്ന് നേരത്തെയോ പിന്നീടോ ഒരിക്കലും ഉണ്ടായിട്ടില്ല. അതായത് അതിനു തത്തുല്യമായത് നേര ത്തെ ഉണ്ടായിട്ടില്ല. ഇനി ലഭിക്കാനും സാധ്യമല്ല. അതിന്റെ അനുഗ്രഹ കവാടങ്ങൾ എപ്പോഴും തുറന്നുകൊണ്ടേ ഇരിക്കുന്നു. അത് എല്ലാ കാലഘട്ടത്തിലും നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലുണ്ടായിരുന്നതുപോലെ പ്രകടവും പ്രകാശമാനവുമാണ്. മറ്റൊരു കാര്യം ഓർക്കുക! ഓരോ വ്യക്തിയുടെയും വചനങ്ങൾ അയാളുടെ പ്രാധാന്യമനുസരിച്ചാണുണ്ടാകുക. എത്രമാത്രം അയാളുടെ പ്രാധാന്യവും നിശ്ചയദാർഢ്യവും ലക്ഷ്യവും ഉന്നതമാണോ അതെ തലത്തിലായിരിക്കും വചനങ്ങളുമുണ്ടാകുക. ദൈവിക വെളിപാടിലും ഈ വർണമാണുള്ളത്. സാധാരണ വ്യക്തിയുടെ സംസാരം അയാളുടെ അറിവിനനുസരിച്ചായിരിക്കും. അതെ പോലെ ദൈവിക വെളിപാടുകൾക്കും ഒരു സ്ഥാനമുണ്ട്. ആർക്കാണോ വഹി ഉണ്ടാകുന്നത് ആ വ്യക്തിയുടെ ഉന്നത നിലവാരത്തിനനുസരിച്ചുള്ള ദിവ്യവചനങ്ങളാണ് അയാൾക്ക് കിട്ടുക. ഇവിടെ ഒരു കാര്യം ഓർക്കേണ്ടത് ദൈവിക വചനങ്ങൾക്കും വ്യത്യസ്ത തലങ്ങളുണ്ടെന്നുള്ളതാണ്. അല്ലാഹുവിന്റെ സന്ദേശങ്ങൾക്കും ഒരു നിലവാരമുണ്ട്." തുടർന്ന് പറയുന്നു: "നബി(സ)തിരുമേനിയുടെ ധൈര്യവും സ്ഥൈര്യവും നിശ്ചയ ദാർഢ്യവും വളരെ വിശാലമായിരുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിക്ക് ലഭ്യമായ ദിവ്യവചനങ്ങളും അതനുസൃതമായിട്ടുള്ളതായിരുന്നു. ആ ധൈര്യവും ശുഷ്കാന്തിയുമുള്ള മറ്റൊരാൾ ഇനി ജനിക്കുക സാധ്യമല്ല." (മൽഫൂദാത്ത് വാള്യം 3, പേജ് 57, 1984 പതിപ്പ്)

തുടർന്ന് പറയുന്നു: "വിശുദ്ധ ഖുർആനിന്റെ കോന്തല വളരെ വിശാലമാകുന്നു. അത് അന്ത്യനാൾവരെയും മാറ്റമില്ലാത്ത നിയമമാകുന്നു. അതെല്ലാ സമയത്തിനും സമൂഹത്തിനും വേണ്ടിയുള്ളതാണ്. അല്ലാഹു പറയുന്നു, *വ ഇൻ മ്മിൻ ശയ്ഇൻ ഇല്ലാ യിൻദനാ ഖസാഇനുഹു വമാ നുനസ്സിലുഹു ഇല്ലാ ബി ഖദ്രിൻ മഅലൂം.*(15:22) അതായത് നാം നമ്മുടെ ഖജനാവുകൾ ആവശ്യാനുസൃതം ഇറക്കുന്നു." പറയുന്നു: "ഇഞ്ചീലിന്റെ ആവശ്യകത അതിന്റെ രത്നച്ചുരുക്കം ഒരു പേജിൽ വരാവുന്നത്ര പരിമിതമായിരുന്നു. എന്നാൽ, വിശുദ്ധഖുർആൻ മുഴുലോകത്തിന്റെയും സംസ്കരണത്തിന് വേണ്ടിയുള്ളതായിരുന്നു. എല്ലാ കാലഘട്ടത്തിന്റെയും പരിഷ്കരണമായിരുന്നു. വിശുദ്ധ ഖുർആനിന്റെ ലക്ഷ്യം മൃഗതുല്യമായ അവസ്ഥയിൽനിന്ന് മനുഷ്യനാക്കുകയും മാനുഷികമായ മൂല്യങ്ങൾ മുഖേന സംസ്കാരമുള്ള മനുഷ്യനാക്കുകയും അങ്ങനെ ന്യായപ്രമാണത്തിന്റെ പരിധികളെയും കൽപനകളെയും ഉൾക്കൊള്ളാൻ കഴിയുന്നവനാക്കി തീർക്കുകയുമാണ്. പിന്നെ ദൈവോന്മുഖനായ മനുഷ്യനാക്കി മാറ്റുന്നു. ഇത് കുറഞ്ഞ വാക്കുകളാണ്. പക്ഷേ, ഇതിന് ആയിരക്കണക്കിന് വകുപ്പുകളുണ്ട്. യഹൂദികളും ഭൗതിക വാദികൾ, അഗ്നിയാരാധകർ തുടങ്ങി വിവിധ സമൂഹങ്ങളിൽ ഇരുണ്ട ആത്മാക്കളാണ് ഉണ്ടായിരുന്നത്. അതുകൊണ്ട് നബി(സ)തിരുമേനി ദൈവഹിതം, അതായത് അല്ലാഹുവിന്റെ അറിവനുസരിച്ച് എല്ലാവരെയും സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: *യാ അയ്യുഹന്നാസു ഇന്നീ റസൂലുല്ലാഹി ഇലയ്ക്കും ജമീഅൻ*(7:159) നീ പറയുക! അല്ലയോ മനുഷ്യസമൂഹമേ! ഞാൻ നിങ്ങളിലെല്ലാവരിലേക്കുമായി അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെട്ട പ്രവാചകനാകുന്നു. അതുകൊണ്ട് വിശുദ്ധഖുർആൻ വ്യത്യസ്ത സമയങ്ങളിൽ ഇറങ്ങിയിരുന്ന അധ്യാപനങ്ങളുടെ സമ്മേളിത രൂപമാകേണ്ടതും അനിവാര്യമായിരുന്നു. വാനലോകത്തുനിന്ന് വ്യത്യസ്ത സമയങ്ങളിൽ വിവിധ നബിമാർ മുഖേന ഭൂനിവാസികൾക്ക് വന്നിട്ടുണ്ടായിരുന്ന സത്യസാക്ഷ്യങ്ങളും അതിൽ ഉണ്ടാകേണ്ടിയിരുന്നു. അതായത് മുൻകാലത്തുണ്ടായ കാര്യങ്ങളും

അതിൽ വേണ്ടിയിരുന്നു. അത് വിശുദ്ധ ഖുർആനിലുണ്ട്. വിശുദ്ധ ഖുർആൻ പറയുന്നു, വിശുദ്ധ ഖുർആനിന്റെ പരിഗണനയിൽ എല്ലാ മനുഷ്യരുമുണ്ട്. അത് പ്രത്യേകം സമൂഹത്തിനും രാജ്യത്തിനും കാലഘട്ടത്തിനുമുള്ളതായിരുന്നില്ല. ഇഞ്ചീലിന്റെ പരിഗണന ഒരു പ്രത്യേക സമൂഹമായിരുന്നു. അതുകൊണ്ടാണ് ഈസാ മസീഹ്(അ) കൂടെക്കൂടെ താൻ ഇസ്റാഈൽ ഗോത്രത്തിലെ കാണാതെപോയ ആടുകളെ അന്വേഷിക്കുന്നതിനാണു വന്നിട്ടുള്ളതെന്ന് പറയുന്നത്."(മൽഫൂദാത്ത് വാള്യം 1, പേജ് 86, 1984 പതിപ്പ്)

താൻ മുഴുലോകത്തിനും അല്ലാഹുവിൽനിന്നുള്ള പ്രവാചകനാണെന്നാണ് നബി(സ)തിരുമേനി അല്ലാഹുവിന്റെ കല്പനയനുസരിച്ച് വിളംബരപ്പെടുത്തിയത്. ഇതു വിശുദ്ധഖുർആൻ സകല ലോകത്തിനും സന്മാർഗമാണെന്നതിന് തെളിവാകുന്നു. മുൻകാല സമൂഹങ്ങളിൽ അവരുടെ അവസ്ഥക്കനുസരിച്ചാണ് ന്യായപ്രമാണങ്ങൾ വന്നത്. ഇനി വരാനുള്ളവർക്കും വിശുദ്ധഖുർആനിൽ വിധിവിലക്കുകളുണ്ട്. ഇത് ശാശ്വതമായ ന്യായപ്രമാണമാകുന്നു. നബി(സ) തിരുമേനിക്ക് അവതരിച്ച ഈ ന്യായപ്രമാണം അല്ലാതെ ശാശ്വതമായ മറ്റൊരു ന്യായപ്രമാണവുമില്ല.

വിശുദ്ധഖുർആൻ എല്ലാ അധ്യാപനങ്ങളുടെയും കേതാരവും ഖജനാവുമാണെന്നു വിവരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വിശുദ്ധ ഖുർആൻ യുക്തിഭദ്രവും ശാശ്വതവുമായ ന്യായപ്രമാണമാകുന്നു. എല്ലാ അധ്യാപനങ്ങളുടെയും കേതാരമാകുന്നു. വിശുദ്ധ ഖുർആനിന്റെ ആദ്യത്തെ ദിവ്യാത്ഭുതം അത് ഉന്നത തലത്തിലുള്ള അധ്യാപനം ഉൾക്കൊള്ളുന്നു എന്നതാണ്. രണ്ടാമത്തെ അത്ഭുതം വിശുദ്ധഖുർആനിന്റെ മഹത്തായ പ്രവചനങ്ങളാകുന്നു. സൂറ ഫാത്തിഹായിലും സൂറ തഹ്‌രീമിലും സൂറ നൂറിലും എത്ര വലിയ മഹത്തായ പ്രവചനങ്ങളാണുള്ളത്. നബി(സ) തിരുമേനിയുടെ മക്കാ ജീവിതം മുഴുവനും പ്രവചനങ്ങൾ നിറഞ്ഞതായിരുന്നു. അതെക്കുറിച്ച് ബുദ്ധിയുള്ള ഒരാൾ ദൈവഭയത്തോടുകൂടി ചിന്തിക്കുകയാണെങ്കിൽ നബി(സ)തിരുമേനിക്ക് എത്രമാത്രം അദൃശ്യകാര്യങ്ങൾ ലഭ്യമായിരുന്നുവെന്ന് മനസ്സിലാകുന്നതായിരിക്കും. എല്ലാ സമൂഹങ്ങളും നബി(സ)തിരുമേനിയുടെ ശത്രുക്കളായിരുന്നു. സഹാനുഭൂതിയും സൗഹൃദവുമുള്ള ആരുമുണ്ടായിരുന്നില്ല. അക്കാലത്ത് പറയുന്നു: *സ യുഹ്സമുൽജംഉ വ യുവല്ലൂന ദ്ദുബുറ*(54:46) ഇത് ചെറിയൊരു കാര്യമാണോ? അതായത് ശത്രുക്കളുടെ സംഘങ്ങൾ പരാജയപ്പെടുന്നതായിരിക്കും. അവർ പിന്തിരിഞ്ഞോടുന്നതാണ്." ഇതാണ് അതിന്റെ അർഥം. അദ്ദേഹം പറയുന്നു: "ഇതൊരു നിസ്സാര കാര്യമാണോ? സാഹചര്യങ്ങൾക്കനുസൃതമായി അവരുടെ നാശത്തെ കുറിച്ച് ഫത്‌വ നല്കാൻ കഴിയും. അതായത് സാഹചര്യങ്ങൾക്കനുസൃതമായി അവർ നശിപ്പിക്കപ്പെടുമെന്ന് പറയാവുന്നതാണ്. എന്നാൽ, നബി(സ)തിരുമേനി തന്റെ വിജയത്തെയും ശത്രുക്കളുടെ പരാജയത്തെയും അവരുടെ നിന്ദ്യതയെയും കുറിച്ച് പ്രവചനം നടത്തുന്നു. പിന്നീട് അതുപോലെ തന്നെ സംഭവിക്കുകയും ചെയ്യുന്നു."

ഈ പ്രവചനം വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടതുപോലെ അല്ലാഹു നബി(സ)തിരുമേനിക്ക് മക്കയിൽ വിജയം നൽകി. അതും ആരംഭഘട്ടത്തിലും വളരെയേറെ ദുർബലമായ അവസ്ഥയിലുമായിരുന്നു നബി(സ)തിരുമേനി മക്കയിലുണ്ടായിരുന്നത്. പിന്നീടെങ്ങനെയാണ് പ്രവചനം പുലർന്നത്? അഹ്സാബ് യുദ്ധത്തെ പൊതുവിൽ ഇതുമായി ചേർത്തുപറയുന്നത് നാം കണ്ടിട്ടുണ്ട്. മറ്റു സ്ഥലങ്ങളിലും നിഷേധികളുടെ വലിയ സൈന്യങ്ങൾ മുസ്‌ലിമീങ്ങൾക്ക് മുന്നിൽ പിന്തിരിഞ്ഞു ഓടുകയുണ്ടായി. അദ്ദേഹം തുടർന്ന് പറയുന്നു: "പതിമൂന്ന് നൂറ്റാണ്ടിനുശേഷം സ്ഥാപിതമാകാനുള്ള ജമാഅത്തിനെകുറിച്ചും അക്കാലത്തുണ്ടാകുന്ന പ്രഭാവങ്ങളെയും അടയാളങ്ങളെയും കുറിച്ചും എത്ര മഹത്തായതും അതുല്യവുമായ പ്രവചനങ്ങളാണെന്ന് നോക്കുക." അതായത് മസീഹ് മൗഊദിന്റെ കാലഘട്ടത്തെ കുറിച്ചു ചെയ്തപ്രവചനങ്ങളും എത്ര മഹത്തായതാകുന്നു. അതിൽ പലതിനെ കുറിച്ചും കഴിഞ്ഞ ഖുത്ബയിൽ ഞാൻ വിവരിച്ചതാണ്. ഇപ്പോഴും അത് അതേ പ്രഭാവത്തോടുകൂടി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ലോകത്തുള്ള ഏതു ഗ്രന്ഥത്തിന്റെ പ്രവചനങ്ങളും സമർപ്പിക്കാവുന്നതാണ്. ഈസാമസീഹിന്റെ പ്രവചനങ്ങളും ഇതിനെ നേരിടാൻ പര്യാപ്തമാണോ?" (മൽഫൂദാത്ത് വാള്യം 3, പേജ് 43–44, 1984 പതിപ്പ്)

വിശുദ്ധ ഖുർആനിന്റെ മാഹാത്മ്യം വിവരിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നു: "വിശുദ്ധ ഖുർആനിന്റെ ഒരു പ്രത്യേകത അതിന്റെ എല്ലാ കല്പനകളും *മുഅല്ലൽ ബിൽഅഗ്റാളി വ മസാലിഹി*" കൃത്യമായ ലക്ഷ്യവും ഉദ്ദേശ്യവുമുള്ള താണെന്നതാണ്. "അതുകൊണ്ട് വിശുദ്ധ ഖുർആൻ ബുദ്ധിയും വിവേകവും ചിന്തയും വിശ്വാസവും ഉപയോഗിക്കുക എന്ന് വ്യക്തമായും ഉപദേശിക്കുന്നു." അതായത് ബുദ്ധിയും ചിന്തയും വിശ്വാസവും പ്രയോഗവത്കരിക്കുക. വിശ്വാസവും അനിവാര്യമാണ്. "വിശുദ്ധ ഖുർആനും മറ്റു ഗ്രന്ഥങ്ങളും തമ്മിലുള്ള പ്രകടമായ വ്യത്യാസമെന്തെന്നാൽ മറ്റൊരു ഗ്രന്ഥവും അതിന്റെ അധ്യാപനങ്ങളെ ബുദ്ധിക്കും വിവേകത്തിനും സ്വതന്ത്ര വിമർശനത്തിനും മുന്നിൽ വെക്കാൻ ധൈര്യം കാണിക്കുന്നില്ല എന്നതാണ്."

ആ മഹാത്മാവ് ഇഞ്ചീലിനെ ഉദാഹരിച്ചുകൊണ്ട് പറയുന്നു: "ഇഞ്ചീലിന്റെ സമർഥരായ അനുയായികൾ അതിന്റെ അധ്യാപനം ബുദ്ധിപരമായ നിലപാടുകൾക്കുമുന്നിൽ നിർജീവമാണെന്നു കണ്ടപ്പോൾ വളരെ ബുദ്ധിപൂർവ്വം അതിന്റെ വിശ്വാസങ്ങളെ അതായത് ത്രിയേകത്വം, പാപ പരിഹാരസിദ്ധാന്തം മുതലായ കാര്യങ്ങളുടെ രഹസ്യങ്ങളിലേക്ക് മനുഷ്യബുദ്ധിക്ക് എത്തിപ്പെടാൻ സാധ്യമല്ലെന്നു പ്രഖ്യാപിച്ചുകളഞ്ഞു. വളരെ അഗാധമായ അറിവായതുകൊണ്ട് നിങ്ങൾക്ക് അവിടെ എത്താൻ സാധ്യമല്ല. അതുകൊണ്ട് എങ്ങനെ ഏത് വിധത്തിൽ എന്തു പറയപ്പെട്ടാലും അപ്പടി നിങ്ങൾ അത് സ്വീകരിക്കുക. എന്നാൽ, ഇതിന് നേരെ വിപരീതമായി വിശുദ്ധ ഖുർആനിന്റെ അധ്യാപനം ഇപ്രകാരമാകുന്നു: *ഇന്ന ഫീ ഖൽഖിസ്സമാവാത്തി വൽഅർളി വഖ്‌ത്തിലാഫില്ലയ്‌ലി വന്നഹാരി ല ആയാത്തില്ലി ഉലിൽ അൽബാബ് അല്ലദീന യദ്കുറൂനല്ലാഹ്*(3:191–192) അതായത് ആകാശഭൂമികളുടെ സൃഷ്ടിപ്പിലും രാപ്പകൽ മാറിമാറി വരുന്നതിലും ബുദ്ധിമാന്മാർക്ക് അല്ലാഹുവിനെ കുറിച്ചുള്ള വ്യക്തമായ പാഠങ്ങൾ നൽകപ്പെടുന്നു. അതായത് അതിലേക്ക് ഇസ്‌ലാം മതം അവരെ ക്ഷണിക്കുന്നു. ഈ ആയത്തിൽ വളരെ വ്യക്തമായും ബുദ്ധിമാന്മാർ തങ്ങളുടെ ബുദ്ധിയും ജ്ഞാനവും പ്രയോജനപ്പെടുത്താൻ പറയുന്നു."(മൽഫൂദാത്ത് വാള്യം 3, പേജ് 62–63, 1984 പതിപ്പ്). ചിന്തിക്കുക

തുടർന്ന് അദ്ദേഹം പറയുന്നു: "വിശുദ്ധഖുർആൻ ഒരു സംരക്ഷിത ഗ്രന്ഥമാകുന്നു. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ സാക്ഷ്യങ്ങൾ പ്രകൃതിനിയമങ്ങളുടെ ജിഹ്വയിലൂടെയാണ് വെളിപ്പെടുന്നത്." തുടർന്നുപറയുന്നു: "അല്ലാഹു പറയുന്നതെന്തെന്നാൽ *ഇന്നഹൂ ല ഖുർആനുൻ കരീം. ഫീ കിതാബിൻ മക്നൂൻ ല്ലാ യമുസ്സുഹൂ ഇല്ലൽമുത്വഹ്ഹറൂൻ* തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ ആകുന്നു. ഭദ്രമായി അടച്ചുസൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിൽ(ഇതു സ്ഥിതി ചെയ്യുന്നു). പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല."(56:78–80) അവിടന്ന് പറഞ്ഞു: വിശുദ്ധ ഖുർആൻ അടച്ചു സൂക്ഷിക്കപ്പെട്ട ഒരു ഗ്രന്ഥത്തിലാണെന്നതിന്റെ അർഥമെന്താണ്? അതായത് വിശുദ്ധ ഖുർആനിന്റെ അസ്തിത്വം കടലാസുകളിൽ പരിമിതമല്ല. മറിച്ച് അത് ഗോപ്യമായ ഒരു ഗ്രന്ഥത്തിലാകുന്നു. അതാണ് പ്രകൃതിയുടെ ഏടുകളെന്ന് പറയപ്പെടുന്നത്. അതായത് വിശുദ്ധ ഖുർആനിന്റെ എല്ലാ അധ്യാപനങ്ങളും പ്രകൃതി നിയമത്തിന്റെ ഓരോ കണികയുടെയും നാവിലൂടെ സാക്ഷാത്കരിക്കപ്പെടുന്നു. അതിന്റെ അധ്യാപനങ്ങളും അനുഗ്രഹങ്ങളും മാഞ്ഞുപോകുന്ന കഥാകഥനങ്ങളല്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64–65, 1984 പതിപ്പ്)

പ്രത്യുത അത് മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കരസ്ഥമാകുന്നതാണ്. എന്നാൽ, ഓർക്കുക അതിന്റെ രഹസ്യങ്ങളുടെ ഗഹനീയത പരിശുദ്ധരാക്കപ്പെട്ട ആളുകൾക്കാണ് തുറക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ പരിശുദ്ധീകരിക്കപ്പെട്ട ആളുകളുമായിട്ടുള്ള അനുഗ്രഹവും കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്. ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) മാത്രമാണ് അതുമായി വന്നിട്ടുള്ളത്. ഈ വിജ്ഞാനത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കിക്കൊണ്ട് ആ മഹാത്മാവ് വിവരിച്ചുതന്നിട്ടുണ്ട്. അല്ലാഹു നൽകിയ വിജ്ഞാനത്തിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കികൊണ്ട് അദ്ദേഹം വിവരിച്ചുതന്നിട്ടുള്ളത് നമ്മൾ മനസ്സിലാക്കുകയും അതെ

• അമീറുൽ മുഅ്മിനീന്റെ ഉപദേശം •

'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.' (ജുമുഅ ഖുത്വ്ബ 4–10–2019)

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

• അമീറുൽ മുഅ്മിനീന്റെ ഉപദേശം •

'അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.' (ജുമുഅ ഖുത്വ്ബ 4–10–2019)

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

കുറിച്ച് ചിന്തിക്കുകയും വേണം. ഈ തഫ്സീറുകൾത്തന്നെയാണ് പിന്നീട് ആ മഹാത്മാവിന്റെ വിജ്ഞാനത്തിന് അനുസൃതമായി അഹ്മദിയ്യ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ വിവരിച്ചിട്ടുള്ളത്.

വിശുദ്ധ ഖുർആനിനെ എന്തുകൊണ്ടാണ് 'ദിക്ർ' അഥവാ സ്മരണ എന്ന് പറഞ്ഞത്? ഇതു വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "വിശുദ്ധ ഖുർആനിന്റെ പേര് "ദിക്ർ" അഥവാ സ്മരണ എന്ന് വെച്ചിരിക്കുന്നു, കാരണം അത് മനുഷ്യന്റെ ആന്തരികമായ ശരീഅത്തിനെ ഉണർത്തുന്നു. വിശുദ്ധ ഖുർആൻ ഒരു പുതിയ അധ്യാപനവും കൊണ്ടുവന്നിട്ടില്ല. പ്രത്യുത അത് മനുഷ്യന്റെ ഉള്ളിൽ വ്യത്യസ്ത കഴിവുകളുടെ രൂപത്തിൽ വെച്ചിട്ടുള്ള ആന്തരികമായ ശരീഅത്തിനെ ഉണർത്തുകയാണ് ചെയ്യുന്നത്; സഹിഷ്ണുത, ത്യാഗം, ധൈര്യം, ശക്തി, കോപം, തൃപ്തി തുടങ്ങിയ ആന്തരികമായ കഴിവുകളെ. ചുരുക്കത്തിൽ ഉള്ളിൽ നിക്ഷേപിച്ചിട്ടുള്ള പ്രകൃതിയെ ഖുർആൻ ഓർമിപ്പിക്കുന്നു. അതാണ് *ഫീ കിതാബിൻ മക്നൂൻ*(56:79) അതായത് പ്രകൃതിദത്തമായ ഈ ഗ്രന്ഥത്തിൽ അടച്ചുസൂക്ഷിക്കപ്പെട്ടിട്ടുള്ള സംഗതികൾ! അതു മനുഷ്യന് പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നില്ല, അവയെ അത് ഓർമപ്പെടുത്തുന്നു." ചുരുക്കത്തിൽ ഈ വീക്ഷണത്തിലും നാം വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടതാണ്. വിശുദ്ധഖുർആൻ മനുഷ്യന്റെ പ്രകൃതിദത്തമായ കഴിവുകളിലേക്ക് മാർഗദർശനം നൽകുന്നു. ഈ യാഥാർഥ്യത്തിൽ നിന്ന് ഇന്ന് പ്രത്യേകിച്ചും മനുഷ്യൻ അകന്നുപൊയ്ക്കൊണ്ടിരിക്കുകാണ്. അത് വിശുദ്ധ ഖുർആനെടുത്ത് വിവരിക്കുകയാണ് ചെയ്യുന്നത്. അതിൽനിന്ന് അകലുന്നതു കാരണം ഇക്കാലഘട്ടത്തിൽ പല അധാർമികവും പ്രകൃതിവിരുദ്ധവുമായ നിയമങ്ങൾ ഉണ്ടാക്കുന്നതിലേക്ക് ശ്രദ്ധ തിരിഞ്ഞുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. മനുഷ്യൻ അതിനെ വക്രമാക്കാൻ ശ്രമിക്കുന്നു. അല്ലാഹു പറയുന്നു: വിശുദ്ധ ഖുർആനിൽ ശ്രദ്ധാപൂർവ്വം നോക്കുക. അതനുസരിച്ച് പ്രവർത്തിക്കുന്നത് മുഖേന നിങ്ങൾക്ക് മനുഷ്യപ്രകൃതത്തിന്റെ ഉന്നതമായ തലം കാണിച്ചുതരും. ഇതേ കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. ഈ വീക്ഷണത്തിൽ ഖുർആൻ പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യണം. ഇന്ന് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ വലിയവരെയും ചെറിയവരെയുമൊക്കെ മസ്തിഷ്കപ്രക്ഷാളനം നടത്തി വിഷലിപ്തമാക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ അവയിൽനിന്ന് രക്ഷ പെടാൻ കഴിയും. പല മാതാപിതാക്കളും ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. മക്കൾ സ്കൂളിൽ നിന്ന് പഠിച്ചു വരുന്ന പല കാര്യങ്ങൾക്കും എങ്ങനെയാണ് മറുപടി നൽകുക. നമ്മൾ ചിന്തിക്കുകയും തഫ്സീറുകൾ വായിക്കുകയും ജമാഅത്തിന്റെ സാഹിത്യങ്ങൾ പാരായണം ചെയ്യുകയുമാണെങ്കിൽ അതെല്ലാം വിശുദ്ധ ഖുർആനിന്റെ പാഠങ്ങളുടെ വെളിച്ചത്തിൽ ഇല്ലാതായതുകൊണ്ട് കുട്ടികൾക്കും രക്ഷിതാക്കൾക്ക് മറുപടി കൊടുക്കാൻ കഴിയുന്നതാണ്.

തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അതുപോലെതന്നെ ഈ ഗ്രന്ഥത്തിന്റെ പേര് 'ദിക്ർ' എന്ന് വെച്ചിരിക്കുന്നു. അത് വായിക്കുന്തോറും ആന്തരികവും ആത്മീയവുമായ കഴിവുകളെയും വാനലോകത്തുനിന്ന് മനുഷ്യനുള്ളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള പ്രകാശനിർഭരമായ ഹൃദയത്തെയും ഓർമപ്പെടുത്തുന്നു. ചുരുക്കത്തിൽ അല്ലാഹു വിശുദ്ധഖുർആൻ അയച്ചുകൊണ്ട് സ്വയം ഒരു ആത്മീയാത്ഭുതമാണ് കാണിച്ചിരിക്കുന്നത്. അത് കൂടെക്കൂടെ വായിക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം ഓർമപ്പെടുത്തുന്നതാണ്. അങ്ങനെ മനുഷ്യന് അവനറിയാതെ ദിവ്യജ്ഞാനങ്ങളും യാഥാർഥ്യങ്ങളും ആത്മീയമായ അഭൗമിക രഹസ്യങ്ങളും മനസ്സിലാകുന്നതാണ്. പക്ഷേ, ഖേദകരമെന്ന് പറയട്ടെ വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനകാര്യമായ *ഹുദൻല്ലിൽ മുത്തഖീൻ*(2:3) എന്നതിനെ വിട്ടുകൊണ്ട് ഖുർആനിനെ കേവലം ചില കഥകളുടെ സമാഹാരമായി കരുതുകയാണ് ചെയ്യുന്നത്. വളരെ ലാഘവത്തോടെയും സ്വാർഥതാൽപര്യത്തോടെയും അറേബ്യൻ മുശ്രിക്കീങ്ങളെപ്പോലെ അവയെ പഴങ്കഥകളാണെന്നു ധരിക്കുന്നു." അദ്ദേഹം പറയുന്നു: "നബി(സ) തിരുമേനിയുടെ ആഗമനഘട്ടത്തിൽ വിശുദ്ധ ഖുർആൻ അവതരിക്കുന്ന കാലവുമുണ്ടായിരുന്നു. അത് അന്ന് ലോകത്തുനിന്ന് മറഞ്ഞുപോയ യാഥാർഥ്യങ്ങളെ ഓർമപ്പെടുത്തൻ വന്നതായിരുന്നു. ഇന്നീ കാലഘട്ടത്തെ കുറിച്ച് നബി(സ)തിരുമേനിയുടെ പ്രവചനമുണ്ട്. അതായത് ജനങ്ങൾ ഖുർആൻ പാരായണം ചെയ്യുമെങ്കിലും ഖുർആൻ അവരുടെ തൊണ്ടക്കുഴിയിൽ നിന്ന് താഴേക്ക് ഇറങ്ങുന്നതല്ല. അതു തന്നെയാണ് നാം കാണുന്നതും. നിരവധി ഖാരിമാരും ഒട്ടനവധി ഖുർആൻ പഠിതാക്കളുമുണ്ട്. എന്നാൽ, ആരും കർമപരമായി ഒന്നും ചെയ്യുന്നില്ല." ആ മഹാത്മാവ് പറയുന്നു: "ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ കണ്ണുകൾ കൊണ്ടുതന്നെ കാണാൻ കഴിയും, വിശുദ്ധ ഖുർആൻ എത്ര മനോഹരമായും അക്ഷര സ്ഫുടതയോടെയുമാണ് പാരായണം ചെയ്യുന്നതെന്ന്. പക്ഷേ, അതവരുടെ തൊണ്ടക്കുഴിയിൽനിന്ന് താഴെ ഇറങ്ങുന്നില്ല. കർമങ്ങൾ ചെയ്യുന്നില്ല. അതുകൊണ്ട് വിശുദ്ധ ഖുർആനിന്റെ മറ്റൊരു പേര് 'ദിക്ർ' എന്നാണ്. അത് ആരംഭഘട്ടം മുതൽത്തന്നെ മനുഷ്യനിൽ അന്തർലീനമാണ്. നിഷേധിക്കാൻ കഴിയാത്ത യാഥാർഥ്യങ്ങളെയും ഉൾസ്സാരങ്ങളെയും അത് ഓർമപ്പെടുത്താൻ വന്നതാണ്. അല്ലാഹുവിന്റെ ഉറച്ച വാഗ്ദാനം *ഇന്നാ ലഹൂ ലഹാഫിളൂൻ* എന്നാണ്. ഇക്കാലഘട്ടത്തിലും വാനലോകത്തുനിന്ന് ഒരധ്യാപകൻ വന്നിരിക്കുന്നു. അത് *വ ആഖരീന മിൻഹും ലമ്മാ യൽഹഖൂ ബിഹിം* എന്ന് സാക്ഷ്യപ്പെടുത്തുന്ന വാഗ്ദാനം ചെയ്യപ്പെട്ട വ്യക്തിയാണ്. ആ വ്യക്തിത്വം തന്നെയാണ് നിങ്ങൾക്കിടയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നത്."(മൽഫൂദാത്ത് വാല്യം 1, പേജ് 60, 1984 പതിപ്പ്) ആ മഹാത്മാവ് തന്നെ സംബോധന ചെയ്തുകൊണ്ടാണ് ഇതു പറഞ്ഞത്. മുസ്ലിമീങ്ങൾ ബുദ്ധി പ്രയോഗിക്കുകയും അല്ലാഹു അയച്ച ഈ വ്യക്തിയുടെ കാര്യങ്ങൾ കേൾക്കുകയും ചെയ്തെങ്കിൽ എത്ര നന്നായേനെ. സ്വന്തം ഉള്ളിലേക്ക് നോക്കുക. കാലഘട്ടത്തിന്റെ ആവശ്യത്തെയും നോക്കുക. മുസ്ലിമീങ്ങളുടെ പൊതുവായ അവസ്ഥയെയും ശ്രദ്ധിക്കുക. വെറും ബാഹ്യമായ ഫത്വകളിൽ ശക്തി ചെലുത്തിക്കൊണ്ട് ഇസ്ലാമിന് ദുഷ്പേരുണ്ടാക്കാൻ ശ്രമിക്കരുത്. വിശുദ്ധ ഖുർആനിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുവിൻ. ചുരുക്കത്തിൽ അഹ്മദികളായ നമ്മൾ എപ്പോഴും തങ്ങളെത്തന്നെ വിലയിരുത്തി നോക്കണം. നമ്മൾ എത്രമാത്രം ഖുർആനിന്റെ അധ്യാപനങ്ങളുടെ യാഥാർഥ്യം മനസ്സിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും ഓർക്കുകയും ചെയ്യുന്നുണ്ടെന്ന്! വിശുദ്ധഖുർആൻ യഥാർഥ വിജ്ഞാനങ്ങൾ മനസ്സിലാക്കിത്തരുന്നു എന്നതിനെ വിശദീകരിച്ചു കൊണ്ട് ആ മഹാത്മാവ്(അ) പറയുന്നു: "ജനങ്ങൾ ഭയപ്പെടണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതോടൊപ്പം ജനങ്ങൾക്കിടയിൽ വിജ്ഞാനത്തിന്റെ പ്രകാശം ഉണ്ടാകണമെന്നും അവനാഗ്രഹിക്കുന്നു. കേവല ഭയമല്ല മറിച്ച് വിജ്ഞാനങ്ങളുടെ പ്രകാശവുമുണ്ടാകണം. അതിലൂടെ അവൻ ആധ്യാത്മികതയുടെ കടമ്പകൾ താണ്ടണം. അതുണ്ടാകുന്നത് ആത്മീയത ഉണ്ടാകാൻ വേണ്ടിയാണു. ചിന്താഗതികൾ വിശാലമാകണം. കാരണം യഥാർഥ ജ്ഞാനങ്ങളെ കുറിച്ച് അറിവ് ലഭ്യമാകുമ്പോൾ ഒരു ഭാഗത്ത് സത്യസന്ധമായ ഭയം ഉടലെടുക്കുന്നു. മറുഭാഗത്ത് ഈ വിജ്ഞാനങ്ങൾ മുഖേന ദൈവാരാധനയുമുണ്ടാകുന്നു. ഒരു വിശ്വാസി വിശുദ്ധഖുർആനിനെ ഈ നിലയ്ക്ക് ചിന്തിക്കുകയും മനസ്സിലാക്കുകയും ചെയ്യുമ്പോൾ, അതിനോടൊപ്പം ഭൗതികമായ വിജ്ഞാനങ്ങളെയും ഖുർആൻ അനുസരിച്ച് മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ദൈവഭയം മുഖേന ഉടലെടുക്കുന്ന ദിവ്യജ്ഞാനങ്ങൾ ലഭിക്കുന്നതാണ്." അദ്ദേഹം പറയുന്നു: "എന്നാൽ, ചില ഹതഭാഗ്യവാന്മാർ ഈ ജ്ഞാനങ്ങളിൽ മാത്രം മുഴുകുകയും ദൈവിക വിധിയിൽനിന്ന് അകലുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ചുതന്നെ സംശയിക്കുന്നു. ചിലയാളുകൾ വിധിവിലക്കുകളെ അംഗീകരിക്കുകയും ഭൗതിക വിജ്ഞാനങ്ങളിൽനിന്ന് തികച്ചും വിമുഖരാകുകയും ചെയ്യുന്നു. അതല്ലെങ്കിൽ ഒരു ഭാഗത്ത് ഭൗതിക വിജ്ഞാനങ്ങളുടേയും ആധുനിക വിജ്ഞാനങ്ങളുടേയും പേരിൽ അല്ലാഹുവിനെ മറക്കുന്നു. അതല്ലെങ്കിൽ അല്ലാഹുവിലേക്ക് വരുന്നുവെന്നതിന്റെ പേരിൽ ഭൗതിക വിജ്ഞാനങ്ങൾ ഭയക്കുകയും അവയെ ഒഴിവാക്കുകയും അതെല്ലാം തെറ്റാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. എന്നാൽ, വിശുദ്ധ ഖുർആൻ രണ്ടു അധ്യാപനങ്ങൾ നൽകിയിട്ടുണ്ട്. അത് തികവാർന്ന രീതിയിൽ നൽകിയിട്ടുണ്ട്. വിശുദ്ധ ഖുർആൻ യഥാർഥ ജ്ഞാനങ്ങളെ സംബന്ധിച്ച് മനസ്സിലാക്കാൻ പറയുന്നതിന്റെ കാരണം മനുഷ്യന്റെ ഉള്ളിൽ യഥാർഥ ദൈവഭയം ഉടലെടുക്കുമെന്നതു കൊണ്ടാണ്. ദൈവജ്ഞാനങ്ങളെ കുറിച്ച് പുരോഗതി ആർജ്ജിക്കുന്തോറും അല്ലാഹുവിന്റെ മഹത്ത്വവും അവനോടുള്ള സ്നേഹവും ഉണ്ടാകുന്നതാണ്. മനുഷ്യനെ ദൈവവിധികൾക്ക് കീഴിൽ ജീവിക്കാനും അത് അധ്യാപനം നൽകുന്നു. അങ്ങനെ അല്ലാഹുവിന്റെ അസ്തിത്വത്തിൽ അർപ്പണത്തിന്റെയും പ്രതീക്ഷയുടെയും സ്വഭാവം ഉണ്ടാകുന്നതാണ്. ദൈവികമായ തൃപ്തിയിൽ തൃപ്തിപ്പെടുന്നതിന്റെ യാഥാർഥ്യത്തെ മനസ്സിലാക്കുമ്പോൾ ഒരു സത്യസന്ധമായ സമാധാനവും തൃപ്തിയും ലഭ്യമാകുന്നതാണ്. അത് മോക്ഷത്തിന്റെ ശരിയായ ലക്ഷ്യവും ഉദ്ദേശ്യവുമാകുന്നു. അതെല്ലാം കരഗതമാകുന്നതാണ്."(മൽഫൂദാത്ത് വാല്യം 3, പേജ് 223–224, 1984 പതിപ്പ്)

തുടർന്ന് അദ്ദേഹം പറഞ്ഞു: "സത്യസന്ധമായ വിജ്ഞാനങ്ങളുടെ ഉറവിടവും വിശുദ്ധ ഖുർആനിലൂടെ അല്ലാഹു ഈ ഉമ്മത്തിന് നൽകിയിരിക്കുന്നു. വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട ഈ യാഥാർഥ്യത്തെയും ദിവ്യജ്ഞാനത്തെയും കരസ്ഥമാക്കുകയും യഥാർഥ ഭയഭക്തിയും ദൈവഭയവും ലഭ്യമാകുകയും ചെയ്യുമ്പോൾ അവർക്ക് ബനീഇസ്റാഈലിലെ പ്രവാചകന്മാർക്ക് തുല്യമായ വിജ്ഞാനങ്ങൾ ലഭ്യമാകുന്നു. ഒരാൾക്ക് ആയുധങ്ങൾ നൽകിയിട്ട് അയാൾ അതുപയോഗിക്കുന്നില്ലെങ്കിൽ അതയാളുടെ മാത്രം കുറ്റമാകുന്നു. ആയുധത്തിന്റെ ന്യൂനതയല്ല. ഇന്ന് ലോകത്തിന്റെ അവസ്ഥ ഇതു തന്നെയാണ്. മുസ്ലിമീങ്ങൾക്ക് വിശുദ്ധ

ഖുർആൻ എന്ന അനുപമമായ അനുഗ്രഹം ലഭിച്ചിരിക്കുന്നു. അത് വഴികേടിൽനിന്ന് രക്ഷിക്കുന്ന മുത്താകുന്നു. എല്ലാ അന്ധകാരങ്ങളിൽനിന്നും അത് പുറത്തേക്ക് കൊണ്ടുവരുന്നു. പക്ഷേ, അവർ അതിനെ ഒഴിവാക്കുകയും അതിന്റെ യഥാർഥ അധ്യാപനങ്ങളെ പരിഗണിക്കാതിരിക്കുകയും ചെയ്തപ്പോൾ അതിന്റെ പരിമിതിയിൽനിന്ന്, ഇസ്‌ലാമിൽനിന്ന് ബഹുദൂരം അകറ്റപ്പെട്ടു."(മൽഫൂദാത്ത് വാള്യം 3, പേജ് 349, 1984 പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ മുസ്‌ലിമീങ്ങൾ വിശുദ്ധ ഖുർആനിന്റെ മഹത്തായ അധ്യാപനങ്ങളിൽനിന്ന് അകന്ന് നാമമാത്ര മുസ്‌ലിമീങ്ങളായി തീർന്നിരിക്കുന്നു. സോഷ്യൽ മീഡിയയിൽ ജനങ്ങൾ ചെറിയ ചെറിയ പ്രോഗ്രാമുകളും ക്ലിപ്സുകളും വിവിധ സമയങ്ങളിൽ കാണിക്കാറുണ്ട്. അതിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ഇന്റർവ്യൂ ചെയ്യുമ്പോൾ ജനങ്ങൾക്ക് ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനങ്ങളും ചരിത്രവുംപോലും അറിയുകയില്ലെന്നാണ്. മൗലവി പറയുന്നത് അനുസരിച്ച് പ്രവാചകത്വത്തിന്റെ പേരിലും ഖുർആനിന്റെയും സ്വഹാബാക്കളുടെയും പേരിലും അഹ്മദിയ്യ ജമാഅത്തിനെതിരിൽ മുദ്രാവാക്യം മുഴക്കുകയും നഷ്ടങ്ങൾ വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ബംഗ്ലാദേശിൽനിന്ന് ഒരാൾ എനിക്കെഴുതുന്നു: 'ജാഥ വരുകയും ആക്രമണം നടത്തുകയും ചെയ്തപ്പോൾ ഒരു കുട്ടി കല്ലെടുത്തുകൊണ്ട് എറിയുകയായിരുന്നു. അവനോട് പറഞ്ഞു, ഞങ്ങൾ അഹ്മദികളാണ്. നിങ്ങളിതെന്താണ് ചെയ്യുന്നത്? ഇങ്ങനെ ഖുർആനിൽ എഴുതിയിട്ടുണ്ടോ? ഇതാണോ ഇസ്‌ലാമിന്റെ അധ്യാപനം. അത് എവിടെയാണുള്ളത്. ഞങ്ങളും കലിമ ചൊല്ലുന്നവരാണ്. ഉടൻ തന്നെ അവൻ കല്ലുകൾ താഴേക്കിട്ടു. അതായത് മൗലവിമാർ ആവേശമുണ്ടാക്കുകയും അതനുസരിച്ച് അവർ പ്രവർത്തിക്കുയും ചെയ്യുന്നു.'

അല്ലാഹു ഈ ദ്രോഹികളുടെ ദ്രോഹത്തിൽനിന്ന് നമ്മെ സംരക്ഷിക്കുമാറാകട്ടെ. ഈ റമളാനിലും അതിനുശേഷവും വിശുദ്ധ ഖുർആൻ പഠിക്കാനും മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു നമ്മെ ഭൗതികതയുടെ മാലിന്യത്തിൽ നിന്ന് രക്ഷിക്കുമാറാകട്ടെ.

റമളാനിൽ പ്രത്യേകമായും ദുആകളിലേക്ക് ശ്രദ്ധിക്കുക. നേരത്തെയും ഞാൻ അത് പറഞ്ഞതാണ്. അല്ലാഹു എല്ലാ ഭാഗത്തും അഹ്മദികളെ എല്ലാ ദ്രോഹത്തിൽനിന്ന് രക്ഷിക്കുമാറാകട്ടെ. അല്ലാഹുവിന്റെ പക്കൽ മാറ്റത്തിന് സാധ്യമല്ലാത്തവരെ ഗുണപാഠദായകമായ അടയാളമാക്കുകയും അങ്ങനെ മറ്റുള്ളവർക്ക് അല്ലാഹുവിന്റെ കല്പന അനു സരിച്ച് പ്രവർത്തിക്കാൻ കഴിയുകയും ചെയ്യു മാറാകട്ടെ. ലോകത്തിനു വേണ്ടി പൊതുവായ നിലയ്ക്കും ദുആ ചെയ്യുക. അല്ലാഹു യുദ്ധത്തിന്റെ കെടുതിയിൽനിന്ന് ലോകത്തെ രക്ഷിക്കുമാറാകട്ടെ.

ഇനി ഞാൻ ചില പരേതാത്മാക്കളെ അനുസ്മരിക്കുന്നതാണ്. ഇതിൽ ആദ്യത്തേത് നമ്മുടെ ഒരു മുബല്ലിഗ് ആകുന്നു. അദ്ദേഹം വളരെ കൂറോടുകൂടി തന്റെ വഖ്ഫ് പൂർത്തിയാക്കി ആളാണ്. വളരെ വിനയനായ മനുഷ്യനായിരുന്നു. നീണ്ടകാല സേവനത്തിന് തൗഫീഖ് ലഭിച്ചിരുന്നു. അദ്ദേഹം സേവനം യഥാവിധം നിറവേറ്റി. അദ്ദേഹത്തിന്റെ പേര് മുനവ്വർ അഹ്മദ് ഖുർഷീദ് സാഹിബ് എന്നാകുന്നു. പശ്ചിമ ആഫ്രിക്കയിലെ മുബല്ലിഗായിരുന്നു. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് മിയാ അബ്ദുൽകരീം സാഹിബ് മുഖേനയാണെത്തിയത്. അദ്ദേഹം 1903–ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കറംദീൻ കേസുമായി ബന്ധപ്പെട്ട് ഝലം എന്ന സ്ഥലത്ത് പോയപ്പോൾ അവിടെവെച്ചാണ് ബയ്അത്ത് ചെയ്തത്. അദ്ദേഹത്തിന്റെ പിതാവിന്റെ വീട്ടിൽ ജനിക്കുന്ന കുട്ടികൾ എല്ലാം രോഗാതുരരായി മരിച്ചു പോയിരുന്നു. അങ്ങനെ മൗലവി ഖുർശീദ് സാഹിബ് ജനിച്ചപ്പോൾ അദ്ദേഹവും രോഗിയായി. രക്ഷപ്പെടാൻ മാർഗമൊന്നും ഇല്ലായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പിതാമഹൻ മിയ അബ്ദുൽ കരീം സാഹിബ്, ഇദ്ദേഹം സ്വഹാബിയുമായിരുന്നു, കുട്ടിയെ അല്ലാഹുവിന്റെ മാർഗത്തിൽ വഖ്ഫ് ചെയ്യാമെന്ന് തീരുമാനിച്ചു. പറയുന്നു: 'അല്ലാഹുവിന് ആവശ്യമുണ്ടെങ്കിൽ സ്വയം രക്ഷപ്പെടുത്തുന്നതാണ്. ഇതിന്നിടയിൽ ഒരു വൈദ്യൻ ഗ്രാമത്തിൽ വന്നു. അദ്ദേഹം ദൂരെയുള്ള ഒരു ഗ്രാമവാസിയായിരുന്നു. അദ്ദേഹം ചികിത്സിക്കാൻ തുടങ്ങി. അല്ലാഹു അത്ഭുതകരമായി രോഗശമനം നൽകി. അദ്ദേഹത്തിന്റെ ഭാര്യാപിതാവും അദ്ദേഹത്തെ കുറിച്ച് സ്വപ്നം കണ്ടിരുന്നു. അദ്ദേഹം അതായത് മുഹമ്മദ് ഖാൻ ദർവേശ് സാഹിബ് ഒരു ഉയർന്ന പ്രകാശമുള്ള മിനാരത്തിലാണുള്ളത്. ആ ദർവേശ് സാഹിബിനോടു പറഞ്ഞു. താങ്കൾ അഹ്മദിയ്യതിന്റെ മിനാരത്തെ കൂടുതൽ പ്രകാശമുള്ളതാക്കുന്നതാണ്. അഹ്മദിയ്യത്തിനെ സ്നേഹിക്കാൻ ഒരുപാടു സൗഭാഗ്യം ലഭിക്കുന്നതാണ്. അങ്ങനെ അല്ലാഹു അദ്ദേഹത്തിന് തൗഫീഖും നൽകി. ജാമി അയിൽനിന്ന് പഠനം പൂർത്തിയാക്കിയതിനു ശേഷം കുറച്ചുകാലം പാകിസ്താനിൽത്തന്നെ ഉണ്ടായിരിന്നു. 1983–ൽ ആഫ്രിക്കയിലേക്ക് പോയി. നീണ്ടകാലം ആഫ്രിക്കയിലെ സെനഗലിലും മറ്റും സേവനം ചെയ്തിട്ടുണ്ട്. സെനഗലിലും ഗാംബിയയിലും അമീർ എന്ന നിലയിലും സേവനമനുഷ്ഠിച്ചിരുന്നു. പിന്നെ രോഗിയായപ്പോൾ 2005–ൽ ഇവിടെ യു.കെ യിലേക്കു വന്നു. പക്ഷേ, അവിടെ കൃത്യമായി ഒരു മുബല്ലിഗുപോയി ജമാഅത്ത് സംവിധാനമുണ്ടാകുന്നതുവരെയും അദ്ദേഹം ഇവിടെ ഇരുന്ന് സെനഗൽ ജമാഅത്തിന്റെ സംവിധാനം നോക്കി നടത്തിയിരുന്നു. പിന്നെ അദ്ദേഹം 2008 മുതൽ 2012 വരെ യു.കെ ജാമിയയിൽ അധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അവസരം കിട്ടിയ സ്ഥലങ്ങളിലെല്ലാം വളരെ ഉന്നതമായ സേവനങ്ങളാണ് ചെയ്തത്. ഒരുപാട് ബയ്അത്തുകൾ ചെയ്യിക്കാൻ സൗഭാഗ്യം ലഭിച്ചു. അദ്ദേഹം മുഖേന നാല്പതു പാർലമെന്റ് മെമ്പർമാർക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ സൗഭാഗ്യം ലഭിച്ചു. ഈ വിജയത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ) ജൽസ സാലാനയുടെ ഒരു പ്രഭാഷണത്തിൽ അദ്ദേഹത്തെ സെനഗലിന്റെ വിജയശില്പി എന്ന് വിശേഷിപ്പിച്ചിട്ടുണ്ടായിരുന്നു. ജർമനി ജൽസയിൽ ഏകദേശം പതിനഞ്ചു പാർലമെന്റ് മെമ്പർമാരെയും കൊണ്ടുവന്നിരുന്നു. വിവിധ മുറബ്ബിമാർക്ക് നൽകുന്ന പാമാ അവാർഡുകളിൽ ഇദ്ദേഹത്തിന് അബ്ദുർറഹീം നയ്യർ അവാർഡ് ലഭിച്ചിട്ടുണ്ട്. സ്പെയിനിലും അദ്ദേഹം ഞാൻ പറഞ്ഞതനുസരിച്ച് പോയിരുന്നു. അവിടെ ഉണ്ടായിരുന്ന ആഫ്രിക്കക്കാർക്ക് തബ്‌ലീഗ് ചെയ്യുകയും നല്ല രീതിയിൽ പ്രവർത്തിക്കുകയും ചെയ്തു. നിരവധി ബയ്ത്തുകൾ അവിടെ ഉണ്ടായി. അൻസ്വാറുല്ലാഹ് യു.കെ യുടെ കീഴിൽ ഓൺലൈൻ തഅലീമുൽ ഖുർആൻ ക്ലാസും എടുത്തിരുന്നു. ഈ പ്രവർത്തനം വഫാത്തുവരെയും തുടർന്നുപോന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യയും മൂന്നു ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഒരു മകൻ ഇവിടെ യു.കെ യിൽ ജമാഅത്തിന്റെ മുബല്ലിഗാണ്.

കാനഡ ജാമിഅയിൽ പ്രിൻസിപ്പാളായ ദാവൂദ് ഹനീഫ് സാഹിബ് പറയുന്നു: അദ്ദേഹം അവിടെ പോകുമ്പോൾ ഖുർശീദ് സാഹിബ് ഗാംബിയയിലെ അമീറായിരുന്നു. 1983 മുതൽ 94 വരെ അദ്ദേഹത്തോടപ്പം സേവനത്തിന് അവസരം ലഭിച്ചു. മുബല്ലിഗ് ആയിരുന്നതോടൊപ്പം സ്കൂളിൽ ഇസ്‌ലാമിയാത്തും പഠിപ്പിച്ച് കൊണ്ടിരുന്നു. സെനഗലിൽ തബ്‌ലീഗിന്റെ അവസ്ഥ, അവിടെ തബ്‌ലീഗ് ചെയ്യുന്നത് എളുപ്പമല്ലായിരുന്നു. വളരെ പ്രയാസകരമായ അവസ്ഥയായിരുന്നു. ഫ്രാഫീനി എന്ന സ്ഥലത്ത്, ഇത് സെനഗലിന്റെ അതിർത്തി പ്രദേശമാണ്, 1985 ന്റെ അവസാനത്തിൽ അവിടേക്ക് അദ്ദേഹം താമസം മാറി. ഇവിടെ താമസിച്ചുകൊണ്ട് സെനഗലിൽ അഹ്മദിയ്യത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ വിജയിപ്പിക്കുകയായിരുന്നു ലക്ഷ്യം. അത് വളരെ പ്രയാസമുള്ള ജോലിയായിരുന്നു. സെനഗൽ സർക്കാർ ഒരു പാകിസ്താനിക്കും വിസ കൊടുത്തിരുന്നില്ല. എന്നാൽ, മൗലവി ഖുർശീദ് അഹ്മദ് സാഹിബ് മുനവ്വർ വളരെ പെട്ടെന്ന് ജനങ്ങളുമായി ഇഴുകിച്ചേരുമായിരുന്നു. നല്ലപോലെ ബന്ധങ്ങൾ നിലനിറുത്തിയിരുന്നു. പിന്നെ അദ്ദേഹത്തിന് ഏറെക്കുറെ ഫ്രാൻസീസി ഭാഷയും അറിയാമായിരുന്നു. അങ്ങനെ അദ്ദേഹം അവിടെ നിയമിക്കപ്പെട്ടപ്പോൾ അദ്ദേഹം വേഗം അതിർത്തിയിലുണ്ടായിരുന്ന ഓഫിസർമാരുമായി സൗഹൃദം സ്ഥാപിച്ചു. തുടർന്ന് സെനഗലിൽ വന്നും പോയുമിരുന്നു. ബന്ധങ്ങൾ കാരണം അദ്ദേഹം സെനഗലിൽ വരാനും പോകാനും തുടങ്ങി. തുടർന്ന് അദ്ദേഹം അവിടെയുള്ള ഒരു പ്രൈമറി സ്കൂളിലെ അധ്യാപകർ മുഖേന കുറേക്കൂടി ഫ്രഞ്ച് ഭാഷ പഠിക്കാൻ തുടങ്ങി. കാരണം അദ്ദേഹം അവിടെ ഉണ്ടായിരുന്ന പ്രാദേശിക ഓഫിസർമാരിൽനിന്ന് അവിടെ പോയി ഫ്രഞ്ച് ഭാഷ പഠിക്കാൻ അനുവാദം നേടിയിരുന്നു.


**ത്വാലിബെ ദുആ**

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല." (വിശുദ്ധ ഖുർആൻ 51:57)



SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)


**• ഹദീഥുന്നബ്‌വി(സ): •**

"ആര് എന്റെ മേൽ സ്വലാത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്." (അബൂദാവൂദ്, കിതാബുൽ മനാസിക്)


ത്വാലിബെ ദുആ: ANWAR SADAT AND FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

അവിടെയുണ്ടായിരുന്ന അബ്ദുസ്സലാം ബാരി സാഹിബ് എന്ന ഹെഡ്മാസ്റ്ററുടെ അടുക്കൽ പോയി ഫ്രഞ്ച് ഭാഷ പഠിക്കാൻ അനുവാദം നേടി. ഇത് നല്ലൊരു വിജയമായിരുന്നു. അങ്ങനെ അദ്ദേഹം ഇടയ്ക്കിടെ സെനഗലിൽപോകാൻ തുടങ്ങി. അദ്ദേഹത്തിന് ഒരു പ്രത്യേക പാസും ലഭ്യമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന് ഗാമ്പിയയിൽനിന്ന് വണ്ടിയിൽ സെനഗലിൽ പോകാമായിരുന്നു. അദ്ദേഹം ആ വണ്ടിയിൽ അവിടെ തബ്ലീഗിനു ആവശ്യമായ സാഹിത്യങ്ങൾ കൊണ്ടുപോയിരുന്നു. അതുമുഖേന അദ്ദേഹം നിരവധി ബയ്അത്തുകൾ ചെയ്യിച്ചു. കാലിക്ക് റീജിയണിൽ വളരെ വ്യത്യസ്തരായ അഹ്മദികൾ നേരത്തെ ഉണ്ടായിരിന്നു. അവിടെ ഉണ്ടായിരുന്ന ലോക്കൽ മുബല്ലിഗ് ഹാമിദ് മുമ്പായ് സാഹിബ് അദ്ദേഹത്തോടൊപ്പം നീണ്ടകാലം ജോലി ചെയ്ത ആളാണ്. അദ്ദേഹം അവിടെ കൂടുതൽ ജമാഅത്തിനെ വിപുലമാക്കി. അവിടെ സഞ്ചാരയോഗ്യമായ വഴികളൊന്നും ഉണ്ടായിരുന്നില്ല. ചില പൊട്ടിപ്പൊളിഞ്ഞ വഴികളാണ് ആഫ്രിക്കയിൽ ഉണ്ടായിരുന്നത്. ചില സ്ഥലങ്ങളിൽ, വഴികൾ ഉണ്ടായിരുന്നില്ല. അദ്ദേഹം പല വിദൂര സ്ഥലങ്ങളിലും മോട്ടർ സൈക്കിളിൽ എത്തുമായിരുന്നു. അവിടെ മോട്ടർ സൈക്കിളിൽ പോകുമ്പോഴും വഴിയിൽ ഉണ്ടായിരുന്ന മുൾച്ചെടികൾ കാരണം കാലുകളിൽനിന്ന് ചോര ഒലിക്കുമായിരുന്നു. പക്ഷേ, അദ്ദേഹം ഒരിക്കലും അത് ഗൗനിച്ചില്ല. തന്റെ പ്രവർത്തനങ്ങളിൽ മുഴുകി ഇരുന്നു. ദാവൂദ് ഹനീഫ് സാഹിബ് എഴുതുന്നു: തുടക്കത്തിൽ വളരെ പ്രയാസകരമായ അവസ്ഥയായിരുന്നു. വളരെ ശ്രദ്ധാപൂർവ്വമാണ് ഞങ്ങൾ തബ്ലീഗ് ചെയ്തിരുന്നത്. പിന്നെ പതിയെ പ്പതിയെ ബന്ധങ്ങളുണ്ടാകുകയും ജമാഅത്തിനെ കുറിച്ച് അറിവ് ലഭിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിക്കാൻ വന്നതാണെന്ന് കാര്യം ജനങ്ങൾക്കിടയിലേക്ക് എത്തിക്കാൻ തുടങ്ങി. മേലാധികാരികൾക്കും ഈ സന്ദേശം എത്തിത്തുടങ്ങി. അപ്പോൾ വളരെ സ്വാതന്ത്ര്യത്തോടു കൂടി സെനഗലിൽ പോകാനും വരാനും തുടങ്ങി. കൃത്യമായ സന്ദർശനങ്ങൾ നടത്തി തുടങ്ങി. അങ്ങനെ ഇവിടെയുള്ള ഒരു റീജിയണിൽ ഭൂരിഭാഗം ആളുകൾക്കിടയിലും ജമാഅത്ത് സ്ഥാപിതമായി. നിരവധി ജമാഅത്തുകളുണ്ടായി. അവ വർധിക്കാനും തുടങ്ങി. ഞാൻ മോട്ടർ സൈക്കിളിനെ കുറിച്ച് പരാമർശിച്ചിരുന്നു. ചില സ്ഥലത്ത് മോട്ടർ സൈക്കിളും ലഭ്യമായിരുന്നില്ല. അപ്പോൾ അദ്ദേഹം കഴുത വണ്ടികളിൽ ഇരുന്നു യാത്ര ചെയ്യുമായിരുന്നു. നീണ്ട നീണ്ട യാത്രകൾ ചെയ്താണ് ഗ്രാമങ്ങളിലെത്തിയിരുന്നത്. ഇന്നത്തെ മുബല്ലിഗീങ്ങളും എഴുതുന്നു, അവിടെ പോയപ്പോൾ ജനങ്ങൾ മൗലാനാ മുനവ്വർ ഖുർശീദ് സാഹിബിനെ കുറിച്ച് അന്വേഷിച്ചിരുന്നു. അദ്ദേഹം അവിടെ തങ്ങളുടെ കൂടെയാണ് താമസിച്ചിരുന്നതെന്നും വളരെ പ്രയാസഭരിതമായ അവസ്ഥയിലാണ് വന്നതെന്നും അവിടെ താമസിക്കുകയും തബ്ലീഗ് ചെയ്യുകയും ചെയതിരുന്നുവെന്നും രാത്രിയുമവിടെ ജനങ്ങളുടെ കൂടെ കഴിച്ചുകൂട്ടിയെന്നും തങ്ങളുടെ ഭക്ഷണമായ പുഴുങ്ങിയ ധാന്യങ്ങളായിരുന്നു കഴിച്ചിരുന്നതെന്നും ബാർലി തിളപ്പിച്ച് വെള്ളത്തോടൊപ്പം കുടിക്കുമായിരുന്നുവെന്നും അവർ പറഞ്ഞു. അതായിരുന്നു അദ്ദേഹത്തിന്റേയും ഭക്ഷണം. പിന്നെ തബ്ലീഗിലേക്ക് ഇറങ്ങുമായിരുന്നു. താമസിക്കാൻ നല്ല സ്ഥലമാണോ അല്ലെ ഭക്ഷണം കിട്ടുമോ എന്നൊന്നും നോക്കുമായിരുന്നില്ല. കിട്ടുന്ന സ്ഥലത്ത് കഴിച്ചുകൂട്ടുമായിരുന്നു. കിട്ടിയ ഭക്ഷണം കഴിച്ചിരുന്നു. അങ്ങനെ ജനങ്ങൾക്ക് വളരെ പ്രിയപ്പെട്ടവനായി മാറി. നല്ലപോലെ തബ്ലീഗും ചെയ്തിരിന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഫ്രഞ്ച് സംസാരിക്കുന്ന രാഷ്ട്രങ്ങളിൽ ജമാഅത്തിന് പുരോഗതി ഉണ്ടാകുന്നത് സ്വപ്നത്തിൽ കണ്ടിരുന്നു. അങ്ങനെ അദ്ദേഹം സെനഗലിലേക്ക് ശ്രദ്ധ തിരിച്ചു. അദ്ദേഹത്തെ അവിടെ അയച്ചപ്പോൾ ശ്രദ്ധേയരായ ആളുകളുമായി തബ്ലീഗ് ചെയ്തു. പിന്നെ അവിടെയുള്ള പാർലമെന്റ് അംഗങ്ങളേയും തബ്ലീഗ് ചെയ്തു. പതിനാല് parliament അംഗങ്ങൾക്ക് ബയ്അത്തിനുള്ള തൗഫീഖ് ലഭിച്ചു. അതും നല്ല പ്രഭാവമുണ്ടാക്കി. അവിടെ സുശക്തമായ ജമാഅത്തുകൾ സ്ഥാപിതമായി. ജമാഅത്ത് സംവിധാനം ശക്തമാക്കാൻ മുഅല്ലിമീങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതിന് അനുസരിച്ച് അവരുടെ തഅ്ലീം തർബിയത്ത് ശിക്ഷണം എന്നിവയും അനിവാര്യമായിരുന്നു. വാർഷികാടിസ്ഥാനത്തിൽ ഈ പ്രോഗ്രാമുകൾ ചെയ്തുവന്നു. മൗലാനാ സാഹിബ് വളരെ ശുഷ്കാന്തിയോടെ ഈ ജോലികൾ ചെയ്തു. 1997 അദ്ദേഹത്തെ സെനഗലിൽ അമീറായി നിയമിച്ചു. വളരെ അധ്വാനത്തോടു കൂടി അദ്ദേഹം അവസാനംവരെയും തന്റെ സേവനങ്ങൾ ചെയ്തുകൊണ്ടിരുന്നു. എഴുതുന്നു: 'കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിനുള്ള അഭിവാഞ്ച അദ്ദേഹത്തിന് നല്ലപോലെ ഉണ്ടായിരുന്നു. വാസ്തവത്തിൽ ഇത് ഞാനും കണ്ടതാണ്. രോഗാതുരമായ അവസ്ഥയിൽ ഇവിടെ വന്നിരുന്നു. പത്ത് വർഷമായി തീരെ സുഖമില്ലായിരുന്നു. രോഗിയായ അവസ്ഥയിലും എന്തെങ്കിലും ജോലികൾ ഏൽപ്പിച്ചാൽ അത് പൂർത്തിയാക്കാൻ ശ്രമിച്ചിരുന്നു. തബ്ലീഗിൽ നല്ല ആവേശമുണ്ടായിരിന്നു. സെനഗലിൽ മുബല്ലിഗ് ആയ വജീഹുല്ലാഹ് സാഹിബ് പറയുന്നു: ഞാൻ ഇവിടെ വന്നപ്പോൾ മുനവ്വർ സാഹിബിന്റെ പേര് ഒരുപാട് കേൾക്കുകയുണ്ടായി. എവിടെ പോയാലും ജനങ്ങൾ അദ്ദേഹത്തെ സ്നേഹത്തോടെ ഓർക്കുമായിരുന്നു.

ലോക്കൽ മുഅല്ലിമീങ്ങളുടെ സംഭവങ്ങൾ വിവരിച്ച് കൊണ്ട് പ്രാദേശിക മുഅല്ലിം കെമൂദോ തഫ്സീർ മാരാ സാഹിബ് പറയുന്നു; മുനവ്വർ ഖുർഷീദ് സാഹിബ് മുഖേനയാണ് ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം എനിക്ക് ശരിയായ ശിക്ഷണം നൽകി, വളരെ അധ്വാനിച്ച് കൊണ്ടും സ്നേഹത്തോടെയും എനിക്ക് ശിക്ഷണം നൽകിയത് കൊണ്ട് ഞാൻ ജാമിയ അഹ്മദിയ്യ ഗാനയിൽ പഠനം പൂർത്തിയാക്കി. ജമാഅത്തിന്റെ സേവനത്തിന് തൗഫീഖ് ലഭിക്കുന്നു. ഞാൻ നീണ്ടകാലം അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിട്ടുണ്ട്. സെനഗലിൽ ഉള്ള ഗെമ്പൻസ് സാഹിബ് എഴുതുന്നു; ഖിലാഫത്തിനോട് അദ്ദേഹത്തിന് നല്ല സ്നേഹമായിരുന്നു. എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാൻ അദ്ദേഹം പ്രത്യേകമായും എന്നെ ഉപദേശിക്കുമായിരുന്നു. മറ്റൊരു സംഗതി ഞാൻ അദ്ദേഹത്തിൽ കണ്ടത് അദ്ദേഹം ഒരിക്കലും തഹജ്ജുദ് ഒഴിവാക്കിയിരുന്നില്ല. തഹജ്ജുദ് നമസ്കരിക്കാൻ ഞങ്ങളെയും ഓർമ്മപ്പെടുത്തുമായിരുന്നു. തഹജ്ജുദിൽ പ്രത്യേകിച്ചും ഖലീഫത്തുൽ മസീഹിന് വേണ്ടി ദുആ ചെയ്യണമേ എന്ന് പറയുമായിരുന്നു. എഴുതുന്നു; അദ്ദേഹം വളരെ ഭയഭക്തിയുള്ള വളരെ സേവനനിരതനായ വ്യക്തി ആയിരുന്നു. സെനഗാലിൽ മുഴുവനും അദ്ദേഹം പര്യടനം നടത്തിയിട്ടുണ്ട്. ഓരോ ഗ്രാമത്തിലും ജമാഅത്തിന്റെ സന്ദേശം എത്തിക്കാൻ ശ്രമിച്ചിരുന്നു. പറയുന്നു; ജമാഅത്തിപ്രവർത്തനങ്ങളിൽ മുനവ്വർ സാഹിബ് വ്യാപൃതനാകുമ്പോൾ; അദ്ദേഹം രാപ്പകലിനെയോ അന്നപാനീയങ്ങളെയോ ഗൗനിച്ചിരുന്നില്ല, അദ്ദേഹത്തിന് അല്ലാഹുവുമായി നല്ല ബന്ധമായിരുന്നു. പലപ്പോഴും അത് കണ്ടിട്ടുണ്ട്. ഒരിക്കൽ ജമാഅത്തി പരിപാടിക്കിടയിൽ അവിടെ വന്നിരുന്ന ഒരു അഹമദി രോഗാതുരനായി. അദ്ദേഹം തിരിച്ച് പോകാൻ ആഗ്രഹിച്ചു. അദ്ദേഹത്തിന് അനുമതി നൽകുകയും ബസിൽ കയറ്റാൻ തുടങ്ങിയപ്പോൾ മുനവ്വർ സാഹിബ് അത് തടഞ്ഞു. ആ ബസിൽ ഇരിക്കേണ്ടെന്നും അടുത്ത ബസിൽ പോകാം എന്നും പറഞ്ഞു. ഈ ബസിന് എന്തോ അപകടം ഉണ്ടാകും എന്ന് എനിക്ക് തോന്നി. അങ്ങനെ ജമാഅത്തി പരിപാടിയിൽ പോയെന്നും അവിടെ അപകടത്തിൽ മരണപ്പെട്ടു എന്നും ജനങ്ങൾ പറയുമായിരുന്നു. ഏതായിരുന്നാലും ഏത് ബസിൽനിന്നാണോ അദ്ദേഹത്തെ വിലക്കിയത് അത് അപകടത്തിൽ പെട്ട്. രണ്ടാമത്തെ ബസിൽ അദ്ദേഹം സുഖകരമായി വീട്ടിലെത്തുകയും ചെയ്തു. ഇത് മുഖേനയും ജനങ്ങളുടെ വിശ്വാസം വർധിച്ചു. അദ്ദേഹത്തോട് ജനങ്ങൾക്ക് ഉണ്ടായിരുന്ന സ്നേഹം എത്രത്തോളമായിരുന്നു എന്നാൽ സെനഗലിലെ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ജനാസ ഗായിബ് നമസ്കരിച്ചു. അനഹ്മദികളും അതിൽ ഭാഗഭാക്കായിരുന്നു.

ഫാട്ടക്ക് ജമാത്തിലെ സദർ റോഗൻ ഹയ്യ് സാഹിബ് പറയുന്നു; മുനവ്വർ ഖുർഷീദ് സാഹിബ് ചെയ്തത് പോലെ സേവനം ചെയ്യാൻ മറ്റൊരാൾക്ക് പ്രയാസമാണ്.


ലോക്കൽ മുഅല്ലിം ജിയാലു സാഹിബ് പറയുന്നു; ആദ്യമായി ഞാൻ സെനഗലിൽ വന്നപ്പോൾ നീണ്ടകാലം മുനവ്വർ സാഹിബിനോടൊപ്പം പ്രവർത്തിക്കാൻ തൗഫീഖ് ലഭിച്ചു. വളരെ മുത്തഖിയും ധൈര്യവാനുമായ വ്യക്തി ആയിരുന്നു. ജമാഅത്തി പര്യടനങ്ങൾക്കിടയിൽ


**• അല്ലാഹുവിന്റെ കലാം: •**

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 14:36)**

**• ഹദീഥുന്നബ്‌വി(സ): •**

**"സ്വർഗത്തിന്റെ കവാടങ്ങളിൽ ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക." (സ്വഹീഹ് മുസ്‌ലിം)**


ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215


ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

വളരെ യുക്തിയോടെ ധീരമായി തബ്‌ലീഗ് പ്രവർത്തനങ്ങളിൽ വ്യാപൃതനാകുമായിരുന്നു. വളരെ നീതിബോധമുള്ള ആളായിരുന്നു. ജമാഅത്തിനോട് വളരെ സ്നേഹത്തോടെയും നീതിയുടെയും വർത്തിച്ചിരുന്നു.

രാജ ബുർഹാൻ സാഹിബ് പറയുന്നു: അവസാനനാളുകളിൽ രോഗബാധിതനായപ്പോൾ എല്ലാ ദിവസവും ഡയാലിസിസ് ചെയ്യേണ്ടി വന്നു. ഒരിക്കൽ ഒരു വിവാഹാവസരത്തിൽ അദ്ദേഹത്തെ കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു, "ഞാനും കട തുറന്നിട്ടുണ്ട്." കട തുറന്നതു കൊണ്ട് എന്താണുദ്ദേശിക്കുന്നതെന്ന് ഞാൻ ചോദിച്ചു. അദ്ദേഹം പറഞ്ഞു, "ഞാൻ വീട്ടിൽ ത്തന്നെയാണുള്ളത്. വീടിനു പുറത്ത് മേശയിട്ട് അവിടെ വേനൽക്കാലത്ത് വെള്ളം വെക്കാറുണ്ട്. നമ്മുടെ സാഹിത്യങ്ങളും വെച്ചിട്ടുണ്ട്. അവിടെ വന്നു പോകുന്ന ആളുകളിൽ വെള്ളം ആവശ്യമുള്ളവർക്ക് വെള്ളവും സാഹിത്യങ്ങൾ ആവശ്യമുള്ളവർക്ക് അതും നൽകുന്നു." ഇങ്ങനെ ആ രോഗാവസ്ഥയിലും അദ്ദേഹം വെറുതെ ഇരുന്നില്ല. തബ്‌ലീഗിനുള്ള പുതിയ വഴികൾ തേടിപ്പിടിച്ചുകൊണ്ടിരുന്നു. തബ്‌ലീഗിനുള്ള വഴികൾ എന്താണെന്ന് ചോദിക്കുന്നവരുണ്ട്. തബ്‌ലീഗിനുള്ള വഴികൾ അന്വേഷിക്കുകയാണെങ്കിൽ അതു കിട്ടുന്നതാണ്. ആവേശവും താൽപര്യവും ഉണ്ടായിരിക്കണം. മുനവ്വർ ഖുർശീദ് സാഹിബിന് ഭാഷകൾ പെട്ടെന്ന് പഠിക്കാനുള്ള പ്രാവീണ്യമുണ്ടായിരുന്നു. ഗാംബിയയിലും വിവിധഭാഷകളാണ് സംസാരിച്ചിരുന്നത്. അദ്ദേഹത്തിന് ആ ഭാഷകൾ അറിയാമായിരുന്നു. ഗാംബിയയിലുള നമ്മുടെ മൂന്ന് മുബല്ലിഗുമാർ അബ്ദുല്ലാഹ് സാഹിബും അബ്ദുർറഹ്മാൻ സാഹിബും മുഹമ്മദു മുബായി സാഹിബും മൂന്ന് വ്യത്യസ്ത ഗോത്രങ്ങളിൽ പെട്ടവരായിരുന്നു. അവർക്ക് പരസ്പരം ഭാഷകൾ അറിയില്ലായിരുന്നു. പക്ഷേ, എനിക്ക് മൂന്നു ഗോത്രങ്ങളുടെയും ഭാഷ അറിയാമായിരുന്നു.'

അദ്ദേഹത്തിന്റെ ഭാര്യ നുസ്റത്ത് ജഹാൻ സാഹിബ പറയുന്നു: കുട്ടികളുടെ തർബിയത്തിലും നല്ല പോലെ ശ്രദ്ധിച്ചിരുന്നു, നല്ല സ്നേഹമുള്ള വ്യക്തിയായിരുന്നു. ഖിലാഫത്തിനോടു അതിയായ സ്നേഹമായിരിന്നു. വഖ്ഫ് യഥാവിധി നിറവേറ്റി. ഭിന്നതകൾ ഇല്ലാതാക്കാനും രഞ്ജിപ്പുണ്ടാക്കാനും എപ്പോഴും ശ്രമിച്ചിരുന്നു. നല്ല പോലെ അതിഥി സൽക്കാരം ചെയ്യുമായിരുന്നു. ആഫ്രിക്കയിൽ പര്യടനത്തിനു പോകുമ്പോൾ, എപ്പോൾ വരുമെന്ന കാര്യത്തിൽ തന്നെ കുറിച്ച് ആശങ്കപ്പെടേണ്ടെന്നും ജോലി പൂർത്തിയായാൽ വീട്ടിൽ തിരിച്ചെത്താമെന്നും ഞങ്ങളോടു പറയുമായിരുന്നു. തബ്‌ലീഗിൽ പ്രത്യേക ഉന്മാദമായിരിന്നു. സ്പെയിനിലും നല്ലപോലെ തബ്‌ലീഗിനു അവസരം ലഭിച്ചു. രോഗബാധിതനായിരുന്നിട്ടും അവിടെ പോകുമായിരുന്നു. അദ്ദേഹം അവിടെ പഴയ ബന്ധങ്ങൾ അങ്ങനെ സജീവമാക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകനാണ് മുഹമ്മദ് അഹ്മദ് ഖുർശിദ്. ഇദ്ദേഹം മുറബ്ബിയാണ്. പറയുന്നു: അദ്ദേഹം ഞങ്ങളെ എപ്പോഴും ഉപദേശിച്ചുകൊണ്ട് ജനങ്ങൾക്ക് പ്രയോജനമുള്ളവരായിത്തീരാൻ പറയുമായിരുന്നു. കാരണം അതും നല്ലൊരു ഇബാദത്താണെന്നും അതുമുഖേന അല്ലാഹു തൃപ്തിപ്പെടുമെന്നും പറഞ്ഞിരുന്നു. എപ്പോഴും അദ്ദേഹത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങളുടെ കർമരൂപമാണ് ഞങ്ങൾ കണ്ടിട്ടുള്ളത്.

സ്പെയിനിലെ സൽമാൻ സാഹിബ് പറയുന്നു: സ്പെയിനിൽ താമസിക്കുമ്പോൾ പലതവണ അദ്ദേഹത്തോടപ്പം തബ്‌ലീഗിനു പോകാൻ അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിൽ അത്ഭുതകരമായി കണ്ടകാര്യം വഴിപോക്കരോടെല്ലാം സലാം ചൊല്ലുമായിരുന്നു എന്നതാണ്. പെട്ടെന്നുതന്നെ അവരുമായി സൗഹൃദത്തിലാകുമായിരുന്നു. വളരെ കുറഞ്ഞ നേരം കൊണ്ട് അവരുമായി സ്ഥായിയായ ബന്ധം ഉണ്ടാക്കിയിരുന്നു. അതോടൊപ്പംതന്നെ അയാളുടെ ബന്ധം ഇന്ന ഗ്രാമവുമായിട്ടാണെന്നും അതിന്റെ ചുറ്റുവട്ടത്തുള്ള ഗ്രാമങ്ങൾ ഇന്നതാണെന്നും താൻ അവിടെ പോയിട്ടുണ്ടെന്നും അവിടെ വളരെ ആത്മാർഥരായ ആളുകളാണുള്ളതെന്നും പറയുമായിരുന്നു. മാത്രമല്ല അവിടെയുള്ള അറിയപ്പെടുന്ന ആളുകളെയും അദ്ദേഹത്തിന് പരിചയമുണ്ടായിരുന്നു. അദ്ദേഹത്തിന് ആഫ്രിക്കൻ ഭാഷ അറിയാമായിരുന്നതുകൊണ്ട് അപരൻ അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുമായിരുന്നു. അതു കാണുമ്പോൾ അത്ഭുതവും സന്തോഷവും ഉണ്ടാകുമായിരുന്നു. ഒന്നുരണ്ടു കൂടിക്കാഴ്ചയ്ക്കുശേഷം അയാൾ കുറേക്കൂടി അടുക്കുകയും ജമാഅത്തിന്റെ സന്ദേശം അയാൾക്ക് നൽകുകയും ചെയ്തിരുന്നു. ആദ്യംതന്നെ സന്ദേശം കൊടുക്കുമായിരുന്നില്ല. ആദ്യം വ്യക്തിപരമായ ബന്ധമുണ്ടാക്കുകയും പിന്നെ രണ്ടാമത്തേയോ മൂന്നാമത്തേയോ കൂടിക്കാഴ്ചയിൽ തബ്‌ലീഗ് ചെയ്തുകൊണ്ട് ജമാഅത്തിന്റെ സന്ദേശം നൽകുകയുമായിരുന്നു ചെയ്തിരുന്നത്. അപ്പോഴേക്കും മണ്ണ് പതം വരുമായിരുന്നു. അദ്ദേഹത്തിന്റെ വ്യക്തിപരമായ ബന്ധവും സ്വഭാവവും കാരണം ആളുകൾ ഉടൻ തന്നെ ബയ്അത്തും ചെയ്തിരുന്നു.

ഏതായാലും അദ്ദേഹം സ്പെയിനിൽ ഒരുപാടു സേവനം ചെയ്തിട്ടുണ്ട്. അവിടെ അദ്ദേഹം ജമാഅത്തും സ്ഥാപിച്ചു. അഹ്മദിയ്യത്ത് അഥവാ ഇസ്‌ലാമിന്റെ സന്ദേശം പരത്തുന്നതിൽ ഒരു ഉന്മാദമായിരുന്നു. അതോടൊപ്പം, അദ്ദേഹത്തിന് നല്ല വിനയവുമുണ്ടായിരുന്നു. അദ്ദേഹത്തോട് ഞാൻ സ്പെയിനിൽ പോകാൻ പറഞ്ഞപ്പോൾ ഒരു ഒഴികഴിവും പറയാതെ രോഗിയായിരുന്നിട്ടും അദ്ദേഹം അവിടെ പോകാൻ തയ്യാറായി .

അല്ലാഹു ജമാഅത്തിന് അത്തരം കൂറുള്ളവരും നിസ്വാർഥമായി സേവനം ചെയ്യുന്നവരുമായ മുറബ്ബി മാരെ നൽകുമാറാകട്ടേ. അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ജമാഅത്തിന്റെ മുബല്ലിഗായ ഇഖ്ബാൽ അഹ്മദ് മുനീർ സാഹിബിന്റേതാണ്. ഇദ്ദേഹം ചൗദരി മുനീർ അഹ്മദ് സാഹിബിന്റെ മകനാണ്. പാകിസ്താനിലാണുണ്ടായിരുന്നത്. കഴിഞ്ഞ ദിവസം വഫാത്തായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ ഇദ്ദേഹത്തിന്റെ പിതാമഹൻ ചൗധരി ഗുലാം ഹയ്ദർ സാഹിബ് മുഖേന 1895–ലാണ് അഹ്മദിയ്യത്ത് എത്തിയത്. ഇദ്ദേഹം 1983–ൽ ജാമിഅയിൽ പഠനം പൂർത്തിയാക്കി ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയയുടെ കീഴിൽ സേവനം ചെയ്തിരുന്നു. പിന്നീട് 2001 മുതൽ 2008 വരെ സിയറലിയോണിലുണ്ടായിരുന്നു. പിന്നീട് തിരിച്ചുവന്ന് പാകിസ്താനിലെ വിവിധ ജില്ലകളിൽ സേവനം അനുഷ്ഠിച്ചിരുന്നു. ഹൃദ്രോഗി ആയിരുന്നു. എന്നിട്ടും വളരെ പ്രയത്നത്തോടുകൂടി ജോലികൾ നിർവഹിച്ചുകൊണ്ടിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസിയായിരുന്നു. വളരെ ശ്രദ്ധയോടെയും പരിശ്രമത്തോടെയും സേവനങ്ങൾ ചെയ്തു കൊണ്ടിരുന്നു. ജനങ്ങളുമായി നല്ല ബന്ധമായിരുന്നു. നല്ല ആത്മാർഥമായ സ്വഭാവത്തിന് ഉടമയായിരുന്നു. മർഹൂമിന് ഭാര്യയും മൂന്നു ആൺമക്കളുമുണ്ട്. മുബല്ലിഗ് അബ്ദുൽ വക്കീൽ സാഹിബ് പറയുന്നു: എല്ലാവരോടും നല്ല സ്നേഹമുള്ള ആളായിരുന്നു. ഖിലാഫത്തുമായി നല്ല ബന്ധവും സ്നേഹവുമായിരുന്നു. വളരെ ഗംഭീരമായ ശരീരപ്രകൃതമുള്ള ആളായിരുന്നു. അതെ സമയം വളരെ വാത്സല്യമുള്ള മനസ്സായിരുന്നു. വളരെ ചെറിയ കൂടിക്കാഴ്ചയിൽത്തന്നെ നല്ല വിനയമുള്ള ആളാണെന്നു മനസ്സിലാകുമായിരുന്നു.

കറാച്ചി നായിബ് അമീർ സയ്യിദ് മുനീർ അഹ്മദ് സാഹിബ് പറയുന്നു: അദ്ദേഹത്തോടൊപ്പം സേവനം ചെയ്തിട്ടുണ്ട്. വളരെ ശ്രദ്ധയും ആത്മാർഥതയുമുള്ള വ്യക്തിത്വമായിരുന്നു. ഏൽപിച്ച എല്ലാ ജോലികളും മുൻഗണന നൽകി ഉടൻതന്നെ ചെയ്യുമായിരുന്നു. കൃത്യമായി ഓഫിസിൽ വന്ന് നല്ല അഭിപ്രായങ്ങളും നൽകുമായിരുന്നു. അതുമുഖേന എനിക്കും ആവേശമുണ്ടാകുമായിരുന്നു. വളരെ ശുദ്ധമനസ്കനായിരുന്നു. പ്രദേശത്തുള്ള ആളുകളുമായി വ്യക്തിഗത ബന്ധമുണ്ടായിരുന്നു. അതുകാരണം പ്രവർത്തിക്കുന്നതിൽ എളുപ്പവുമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ചന്ദകളിലേക്ക് ശ്രദ്ധ ഉണ്ടാക്കുന്നതിനും അദ്ദേഹത്തോട് തന്നെ പറയുമായിരുന്നു. അദ്ദേഹം പറയുന്നതിൽ പ്രത്യേകമായ പ്രഭാവവുമുണ്ടായിരിന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയും കാരുണ്യവും കാണിക്കുകയും പദവികൾ ഉയർത്തുകയും ചെയ്യുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം ഖാദിയാനിലെ മർഹൂം മിയാ അബ്ദുൽ അസീം സാഹിബ് ദർവേശിന്റെ ഭാര്യ സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബയുടേതാണ്. കഴിഞ്ഞ ദിവസം അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. നീണ്ടകാലമായി കിടപ്പിലായിരുന്നു. ദർവേശി കാലഘട്ടത്തിൽ ഒഡീഷ സംസ്ഥാനത്തുനിന്ന് വിവാഹം കഴിച്ചുവന്ന ആദ്യത്തെ സ്ത്രീയായിരുന്നു. അവർ തന്റെ ഭർത്താവിനോടൊപ്പം ദർവേശികാലഘട്ടം ക്ഷമയോടെയും കൃതജ്ഞതയോടെയും കഴിച്ചുകൂട്ടി. നമസ്കാരത്തിലും നോമ്പിലും വളരെ കൃത്യതയും ദുആ ചെയ്യുന്ന നല്ല ആത്മാർഥതയുള്ള മഹതിയുമായിരുന്നു. കൃത്യമായി ഖുർആൻ പാരായണം ചെയ്തിരുന്നു. വിശുദ്ധ ഖുർആൻ മറ്റുള്ളവർക്ക് പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. നിരവധി കുട്ടികളും സ്ത്രീകളും അവരിൽ നിന്ന് ഖുർആൻ പഠിച്ചിട്ടുണ്ട്, ദർവേശി കാലഘട്ടത്തിൽ വരുമാനം കുറവായിരുന്നപ്പോൾ ജീവിതോപായത്തിന് കോഴികളെ വളർത്തിയിരുന്നു. അല്ലാതെ മറ്റുള്ളവരെ കാത്തിരുന്നില്ല. ഖിദ്മത്തെ ഖൽഖിന്റെ കാര്യത്തിലും നല്ല ആവേശമുണ്ടായിരുന്നു. ഖാദിയാനിൽ സ്ത്രീകളുടെ ജനാസ കുളിപ്പിക്കുന്നതിനും മറ്റും ഒരുപാടു സേവനം ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. കാലത്തിന്റെ ഖലീഫയുമായി പ്രത്യേക ബന്ധമായിരുന്നു. എല്ലാ ആഹ്വാനങ്ങളിലും ഭാഗഭാക്കായിരുന്നു. പരേത മൂസിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ നാലു ആൺമക്കളും മൂന്ന് പെൺമക്കളുമുണ്ട്. ഖുർശീദ് അൻവർ സാഹിബിന്റെ രണ്ടാനുമ്മയായിരുന്നു. മുഅർരിഖെ അഹ്മദിയ്യത്ത് മർഹൂം ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബിന്റെ എളാമയുമായിരുന്നു. അല്ലാഹു അവരോടു പൊറുമയോടെയും കരുണയോടെയും വർത്തിക്കുമാറാകട്ടെ. അവരുടെ സ്ഥാനങ്ങൾ ഉയർ ത്തുമാറാകട്ടെ. നമസ്കാരത്തിനുശേഷം ഞാൻ ഇവരുടെയെല്ലാം ജനാസ ഗായിബ് നമസ്കരിക്കുന്നതാണ്.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

# ലജ്‌ന ഇമാഇല്ലായുടെ സ്ഥാപനവും അതിന്റെ ശോഭനീയമായ നേട്ടങ്ങളും:

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹദ്റത്ത് ഖലീഫ ഔവ്വലിന്റേയും അനുഗൃഹീത കാലഘട്ടത്തിൽ സ്ഥാപിതമായ മജ്‌ലിസുകളെല്ലാം പുരുഷന്മാർക്കുള്ളതായിരുന്നു. ഉദാഹരണത്തിന് ഇശാഅത്തെ ഇസ്‌ലാം, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, തശ്ഹീദുൽ അദ്ഹാൻ, മജ്‌ലിസെ അഹ്ബാബ്, മജ്മഉൽ ഇഖ്‌വാൻ, മജ്‌ലിസെ ഇർശാദ് തുടങ്ങിയവ. പക്ഷേ, സ്ത്രീകൾക്കുവേണ്ടി വൈജ്ഞാനികവും ദീനിപരവും സാംസ്കാരികവുമായ അഞ്ചുമൻ അഥവാ കമ്മിറ്റിയൊന്നും അക്കാലത്ത് നിലവിലുണ്ടായിരുന്നില്ല. അതുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) തന്റെ രണ്ടാമത്തെ സഹധർമ്മിണി ഹദ്റത്ത് അമത്തുൽ ഹയ്യ് സാഹിബ പറഞ്ഞതിന്റ അടിസ്ഥാനത്തിൽ 1922 ഡിസംബർ 25 ന് ലജ്‌ന ഇമാഇല്ലായ്ക്ക് അടിത്തറ പാകി. ഇതിന്റെ ആദ്യത്തെ സെക്രട്ടറി ഹദ്റത്ത് അമത്തുൽഹയ്യ് സാഹിബയായിരുന്നു.

ഹദ്റത്ത് അമത്തുൽഹയ്യ് സാഹിബായ്ക്കുശേഷം ഈ സുപ്രധാന സ്ഥാനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഭാര്യമാരായ ഹദ്റത്ത് സാറ ബീഗം സാഹിബയും പിന്നീട് ഹദ്റത്ത് സയ്യിദ ഉമ്മുത്വാഹിർ സാഹിബയുമാണ് അലങ്കരിച്ചിരുന്നത്. ഈ സംഘടന പ്രവർത്തനത്തിൽ വന്നപ്പോൾ ലജ്‌നയുടെ അംഗങ്ങൾ ഹദ്റത്ത് ഉമ്മുൽമുഅ്മിനീൻ(റ)ന്റെ സന്നിധിയിൽ അതിന്റെ അധ്യക്ഷപദവി സ്വീകരിക്കണമെന്ന് അപേക്ഷിച്ചു. ആദ്യത്തെ മീറ്റിംഗ് ഉമ്മുൽമുഅ്മിനീൻ(റ)ന്റെ അധ്യക്ഷതയിലായിരുന്നു നടന്നത്. പക്ഷേ, ഉമ്മുൽമുഅ്മിനീൻ(റ) ആദ്യത്തെ മീറ്റിംഗിൽത്തന്നെ ഹദ്റത്ത് ഉമ്മുനാസ്വിറിനെ തന്റെ സ്ഥാനത്ത് ഇരുത്തി അധ്യക്ഷസ്ഥാനത്തിന് പേര് നിർദേശിക്കുകയാണുണ്ടായത്. അങ്ങനെ ഹദ്റത്ത് ഉമ്മുനാസ്വിർ 1958 ജൂലായ് 31 ന് തന്റെ മരണംവരെ ഈ നിർബന്ധകടമ വളരെ നല്ല നിലയിൽ നിറവേറ്റിക്കൊണ്ടിരുന്നു. 1958 ആഗസ്റ്റു മുതൽ ഹദ്റത്ത് ഉമ്മുമത്തീൻ സാഹിബായുടെ അധ്യക്ഷതയിൽ ഈ മജ്‌ലിസ് പ്രവർത്തിച്ചു വന്നു.

ലജ്‌ന ഇമാഇല്ലായുടെ ആരംഭം ഇങ്ങനെയാണ് ഉണ്ടായത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) 1922 ഡിസംബർ 15 ന് തന്റെ തൂലിക കൊണ്ട് ഖാദിയാനിലെ സ്ത്രീകളുടെ പേരിൽ ഇങ്ങനെ ഒരു വിഷയം എഴുതി:

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ. നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം പൂർത്തിയാക്കുന്നതിന് പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളുടെ പരിശ്രമങ്ങളുടേയും ആവശ്യമുണ്ട്. ഇസ്‌ലാം തങ്ങളിൽനിന്ന് എന്താണ് ആഗ്രഹിക്കുന്നത്? എന്ന ബോധം സ്ത്രീകളിൽ ഇതുവരെ ഉണ്ടായിട്ടില്ലെന്നാണ് ഞാൻ കരുതുന്നത്. നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കി മരണത്തിനുശേഷം എന്നല്ല ഈ ലോകത്തുതന്നെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശികളാകാൻ നമ്മുടെ ജീവിതം എങ്ങനെയാണ് ചെലവഴിക്കേണ്ടത്.

ചിന്തിക്കുകയാണെങ്കിൽ, ഭൂരിഭാഗം സ്ത്രീകളും നിത്യേനയുള്ള ജോലികൾ കൂടാതെ മറ്റെന്തെങ്കിലും ജോലികളും ചെയ്യാൻ തങ്ങൾ അർഹരാണോ എന്ന കാര്യം അറിയുന്നവരല്ല.

ഇസ്‌ലാമിന്റെ ശത്രുക്കളിൽ സ്ത്രീകളുടെ പരിശ്രമത്താൽ ഏതൊരു ആത്മാവാണോ കുട്ടികളിൽ ഉണ്ടാക്കപ്പെടുന്നത്, ഏതൊരു തെറ്റുധാരണയാണോ ഇസ്‌ലാമിനെ സംബന്ധിച്ച് പരത്തുന്നത്, അതിനെ ആർക്കെങ്കിലും തകർക്കാൻ സാധിക്കുമെങ്കിൽ അതു സ്ത്രീകൾമുഖേന മാത്രമെ നടക്കുകയുള്ളൂ. കുട്ടികളിൽ ത്യാഗത്തിന്റെ ബീജം ഉണ്ടാക്കാൻ കഴിയുമെങ്കിൽ അതും മാതാവു മുഖേന മാത്രമെ നടക്കുകയുള്ളൂ. അതുകൊണ്ട് തങ്ങളുടെ ആത്മീയവും വൈജ്ഞാനികവുമായ അഭിവൃദ്ധിയ്ക്കു പുറമെ ഭാവിയിലെ ജമാഅത്തിന്റെ അഭിവൃദ്ധിയുടെ ആശ്രയവും നിലകൊള്ളുന്നത് കൂടുതലായി സ്ത്രീകളുടെതന്നെ പരിശ്രമത്തിലാണ്. കാരണം വലുതായികഴിഞ്ഞാൽ കുട്ടികൾ സ്വീകരിക്കുന്ന സ്വാധീനം കുട്ടിക്കാലത്ത് സ്വീകരിക്കുന്നത്ര ആഴത്തിലുള്ളതായിരിക്കുകയില്ല. ഇപ്രകാരംതന്നെ സ്ത്രീകളുടെ പരിഷ്കരണവും സ്ത്രീകൾ മുഖേനമാത്രമെ നടക്കുകയുള്ളൂ.

ഇക്കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഈ ചിന്താഗതിയെ പിന്തുണയ്ക്കുന്നവരും താഴെ പറയുന്ന കാര്യങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നവരുമായ സ്ത്രീകളെ, ഈ ഉദ്ദേശ്യങ്ങൾ നിറവേറ്റുന്നതിന് കൂടിച്ചേർന്ന് പ്രവർത്തനം തുടങ്ങാൻ ക്ഷണിക്കുകയാണ്. നിങ്ങളും താഴെ പറയുന്ന കാര്യങ്ങളോടു യോജിക്കുന്നവരാണെങ്കിൽ ഈ ജോലിക്ക് എത്രയും പെട്ടെന്ന് തുടക്കം കുറിക്കാൻ ദയവുചെയ്ത് എന്നെ അറിയിക്കുക.

1. സ്ത്രീകൾ പരസ്പരം ചേർന്ന് തങ്ങളുടെ അറിവു വർധിപ്പിക്കുകയും കരസ്ഥമാക്കിയ തങ്ങളുടെ അറിവ് മറ്റുള്ളവരിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യുക.
2. ഈ ജോലി കൃത്യമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഒരു കമ്മിറ്റി രൂപീകരിക്കുക.
3. ഈ കമ്മിറ്റിയുടെ പ്രവർത്തനത്തിന് കുറച്ചു നിയമങ്ങളുണ്ടാകേണ്ടതാണ്. അതു പാലിക്കേണ്ടത് എല്ലാ അംഗങ്ങൾക്കും നിർബന്ധമാണ്.
4. അഹ്മദിയ്യാ ജമാഅത്ത് അവതരിപ്പിക്കുന്ന ഇസ്‌ലാം അനുസരിച്ചുള്ളതായിരിക്കണം നിയമങ്ങളും ചട്ടങ്ങളും.
5. യോഗങ്ങളിൽ ഇസ്‌ലാമിന്റെ വിവിധ വിഷയങ്ങളിൽ, പ്രത്യേകിച്ചും ഇക്കാലത്തെ അവസ്ഥകൾക്കനുസരിച്ചുള്ള വിഷയങ്ങൾ വായിക്കേണ്ടതാണ്. അറിവു ഉപയോഗിക്കുന്നതിനുള്ള കഴിവുണ്ടാകുന്നതിന് അതു സ്വയം കമ്മിറ്റിയിലെ അംഗങ്ങൾ എഴുതിയിട്ടുള്ളതായിരിക്കണം.
6. കമ്മിറ്റി ആവശ്യമെന്ന് മനസ്സിലാക്കുന്ന അറിവു വർധിപ്പിക്കുന്നതിന് ഇസ്‌ലാമിനെ കുറിച്ച് അറിയുന്ന ആളുകളെക്കൊണ്ട് പ്രഭാഷണങ്ങൾ നടത്തിക്കേണ്ടതാണ്.
7. ജമാഅത്തിൽ ഐക്യത്തിന്റെ ആത്മാവ് നിലനിറുത്തുന്നതിന് കാലത്തിന്റെ ഖലീഫ തയ്യാറാക്കിയിട്ടുള്ള പദ്ധതിയനുസരിച്ചും അതിന്റെ അഭിവൃദ്ധി മുന്നിൽകണ്ടും എല്ലാ പരിപാടികളും നടത്തേണ്ട ആവശ്യമുണ്ട്.
8. ജമാഅത്തിലെ ഐക്യം വർധിപ്പിക്കുന്നതിന് എല്ലാ മുസ്‌ലിമീങ്ങളുടേയും നിർബന്ധ കടമയായി വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയും ഹദ്റത്ത് മസീഹ് മൗഊദും(അ) നിശ്ചയിച്ചിട്ടുള്ളതുപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കേണ്ട ആവശ്യമുണ്ട്. അതിനുവേണ്ടി എല്ലാ ത്യാഗങ്ങൾക്കും തയ്യാറായിരിക്കുക.
9. സ്വന്തം സ്വഭാവങ്ങളിലേക്കും ആത്മീയതയുടെ പരിഷ്കരണത്തിലേക്കും എപ്പോഴും ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. വെറും തിന്നുന്നതിലേക്കും കുടിക്കുന്നതിലേക്കും മാത്രം നിങ്ങളുടെ ശ്രദ്ധ പരിമിതമാക്കി വെക്കാതിരിക്കുക. ഇതിനുവേണ്ടി ഒരാൾ മറ്റൊരാളെ പൂർണമായും സഹായിക്കേണ്ടതാണ്. അത്തരം മാർഗങ്ങളെ കുറിച്ച് ചിന്തിക്കുകയും പണിയെടുക്കുകയും ചെയ്യേണ്ടതാണ്.
10. കുട്ടികളുടെ തർബിയ്യത്തിൽ സ്വന്തം ഉത്തരവാദിത്വം പ്രത്യേകമായും മനസ്സിലാക്കുക. അവരെ ദീനീപരമായ കാര്യങ്ങളിൽ അശ്രദ്ധരും നിരാശരും അലസരുമാക്കുന്നതിനുപകരം മടിയില്ലാത്തവരും ബുദ്ധിമുട്ടുകൾ സഹിക്കുന്നവരുമാക്കുക. ദീനീപരമായ കാര്യങ്ങൾ എത്രത്തോളം നിങ്ങൾക്കറിയുമോ അത് അവർക്കും പറഞ്ഞുകൊടുക്കുക. അല്ലാഹു, റസൂൽ, മസീഹ് മൗഊദ് എന്നിവരോടും ഖലീഫമാരോടുമുള്ള സ്നേഹവും അനുസരണത്തിന്റെ ബീജവും അവരുടെ ഉള്ളിലുണ്ടാക്കുക. ഇസ്‌ലാമിനുവേണ്ടി അതിന്റെ ഇച്ഛയ്ക്കനുസരിച്ച് തങ്ങളുടെ ജീവിതം ചെലവഴിക്കുന്നതിനുള്ള ആവേശം അവരിലുണ്ടാക്കുക. അതുകൊണ്ട് ഈ ജോലി ചെയ്യുന്നതിനുവേണ്ടി പദ്ധതികളും ചിന്തകളും അതനുസരിച്ചുള്ള കർമങ്ങളും ചെയ്യുക.
11. കൂട്ടായ്മയോടെ പണിയെടുക്കുകയാണെങ്കിൽ പരസ്പരമുള്ള തെറ്റുകൾ മറച്ചുവെക്കുക. ക്ഷമയോടും മനഃശ്ശക്തിയോടും തെറ്റു തിരുത്താൻ പരിശ്രമിക്കുക. അല്ലാതെ വെറുപ്പും പിണക്കവുംകൊണ്ട് ഭിന്നിപ്പ് വർധിപ്പിക്കാൻ പാടില്ല.
12. ഓരോ ജോലിയും തുടങ്ങുമ്പോൾ ആളുകൾ അതു കണ്ട് ചിരിക്കുന്നതാണ്. പരിഹസിക്കുന്നതാണ്. അതുകൊണ്ട് ആളുകളുടെ ചിരിയും പരിഹാസവും ഗൗനിക്കാതിരിക്കേണ്ട ആവശ്യമുണ്ട്. സഹോദരിമാർക്ക് വെവ്വേറെ, പരിഹാസങ്ങളെ അല്ലെങ്കിൽ കുത്തിപ്പറച്ചിലുകളെ അല്ലെങ്കിൽ മജ്‌ലിസുകളിലെ അവഹേളനങ്ങളെ ധീരതയോടും തന്റേടത്തോടും കൂടി സഹിക്കാനുള്ള പാഠം നല്കുക. ഈ മാതൃക കണ്ട് മറ്റു സഹേദരിമാർക്കും ആ പ്രവൃത്തിയിലേക്ക് ശ്രദ്ധ ഉണ്ടാകുന്നതിന് അതിനുള്ള ശക്തിയുടെ ബീജം ഉണ്ടാക്കുന്നതിനുള്ള ബീജം ആദ്യമെതന്നെ കരസ്ഥമാക്കുക.
13. ഈ ചിന്താഗതിയെ ശക്തിപ്പെടുത്തുന്നതിനും എന്നെന്നും തുടർന്നു കൊണ്ടുപോകുന്നതിനും ഒരേയൊരു ചിന്താഗതിയാക്കിതീർക്കുക. ഈ മജ്‌ലിസിൽ ചേർന്നിട്ടുള്ള എല്ലാ ഓരോ സഹോദരിമാരും മറ്റു സഹോദരിമാരെ തങ്ങളുടെ ചിന്താഗതിക്കാരാക്കുന്നത് തങ്ങളുടെ കടമയായി മനസ്സിലാക്കുമ്പോഴാണ് ഈ ജോലി മുന്നോട്ടുപോകുക.
14. ഈ പ്രവൃത്തിയെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിന് ഈ ചിന്താഗതികളോടു പൂർണമായും യോജിക്കുന്ന സഹോദരിമാരെ മാത്രം ഈ കമ്മിറ്റിയുടെ ഉദ്യോഗസ്ഥരാക്കുക. ഏതെങ്കിലും നേരത്ത് ആരെങ്കിലും ഇതിനോടു യോജിക്കാതെ വന്നാൽ, അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ അയാൾ നല്ലതിനുവേണ്ടി കമ്മിറ്റിയിൽനിന്ന് സ്വയം ഒഴിവാകുക, അല്ലെങ്കിൽ അയാളെ ഒഴിവാക്കുക.
15. കാരണം ജമാഅത്ത് ഏതെങ്കിലും ഒരു പ്രത്യേക സംഘത്തിന്റെ പേരല്ല. ചെറിയവരും വലിയവരും ദരിദ്രരും സമ്പന്നരും എല്ലാവരുടേയും പേരാണ് ജമാഅത്ത്. അതുകൊണ്ട് ഈ കമ്മിറ്റിയിൽ സമ്പന്നരെന്നോ ദരിദ്രരെന്നോ ഉള്ള വിവേചനം ഉണ്ടാവാൻ പാടില്ല. പ്രത്യുത ദരിദ്രരിലും സമ്പന്നരിലും ഇരുവരിലും സ്നേഹവും സാഹോദര്യവും ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. പരസ്പരം നിന്ദാദൃഷ്ടിയോടെ നോക്കുന്നതും സ്വയം താൻ വലിയവനാണെന്ന് മനസ്സിലാക്കുന്നതിന്റെ ബീജവും മനസ്സുകളിൽനിന്ന് അകറ്റിക്കളയുക. സ്ഥാനങ്ങളുടെ വ്യത്യാസമുണ്ടായിട്ടും യഥാർഥത്തിൽ എല്ലാ പുരുഷന്മാരും സഹോദരന്മാരാണ്. എല്ലാ സ്ത്രീകളും സഹോദരിമാരാണ്.
16. കർമപരമായ നിലയിൽ ഇസ്‌ലാമിന് സേവനം ചെയ്യുന്നതിനും തങ്ങളുടെ ദരിദ്രരായ സഹോദരിമാരേയും സഹോദരന്മാരേയും സഹായിക്കുന്നതിനും ചില മാർഗങ്ങൾ ആസൂത്രണം ചെയ്യുകയും അതനുസരിച്ച് പണിയെടുക്കുകയും ചെയ്യുക.
17. എല്ലാ സഹായവും എല്ലാ ബർക്കത്തും എല്ലാ വിജയങ്ങളും അല്ലാഹുവിൽനിന്നാണ് വരുന്നത്. അതുകൊണ്ട് ദുആ ചെയ്യുക, ചെയ്യിക്കുക.

**(താരീഖെ അഹ്മദിയ്യത്ത് വാള്യം 4, പേജ് 303 – 306)**

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

**(2015 മെയ്, ജൂൺ)** വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**2015 ജൂൺ 6 ശനിയാഴ്ച**

## ജൽസാ സാലാന ജർമനി 2015
## ലജ്നാ സെഷൻ
## അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം

തുടർച്ച.....

വിശ്വാസം തികച്ചും ശൂന്യമായി പോകും. മുസ്‌ലിമീങ്ങളുടെ പ്രവർത്തനം തികച്ചും യഥാർഥ അധ്യാപനത്തിന് വിരുദ്ധമായി ഭവിക്കും. നാമമാത്രമായ മുസ്‌ലിം പണ്ഡിതന്മാരും മാർഗദർശികളും ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് തികച്ചും തെറ്റായ വ്യാഖ്യാനങ്ങൾ നല്കും. അവരുടെ മനോനില കേവലം കുഴപ്പങ്ങളും അന്യായവും വർധിപ്പിക്കുന്നതിൽത്തന്നെ പര്യവസാനിക്കും.

കുഴപ്പങ്ങളിൽ ഉഴലുന്ന മുസ്‌ലിമീങ്ങളുടെ ഈ നിർഭാഗ്യകരമായ കാലഘട്ടത്തെ കുറിച്ച് ദീർഘദർശനം നടത്തിയതിനോടൊപ്പം നബി(സ)തിരുമേനി ഒരു സുവാർത്തയും നല്കിയിരുന്നു. കുഴപ്പങ്ങൾ നിറഞ്ഞ ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനും അതിന്റെ യഥാർഥ അധ്യാപനങ്ങൾ വ്യാപിപ്പിക്കുന്നതിനുംവേണ്ടി ഒരു വ്യക്തിയെ ദൈവം നിയോഗിക്കും. അദ്ദേഹത്തെ വാഗ്ദത്ത മസീഹും മഹ്ദിയുമായി നിയോഗിക്കും. ഇസ്‌ലാമിന്റെ സമാധാനപൂർണവും യഥാർഥവുമായ അധ്യാപനങ്ങളെ മുഴുലോകത്തും നടപ്പിലാക്കും. മനുഷ്യകുലത്തെ ഇസ്‌ലാമിന്റെ വ്യക്തമായ ആത്മീയ പ്രകാശത്താൽ പ്രകാശമാനമാക്കും.

ദൈവാനുഗ്രഹത്താൽ ഈ മഹനീയ ദീർഘദർശനത്തിന്റെ ഇരുവശവും പൂർത്തിയായതായി നാം കാണുന്നു. അതായത് ഒരു ഭാഗത്ത് ഇസ്‌ലാമും അതിന്റെ അധ്യാപനങ്ങളും അവഗണിക്കപ്പെടും. മറുഭാഗത്ത് ദൈവം അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വാഗ്ദത്ത മസീഹും മഹ്ദിയുമായി നിയോഗിച്ചിരിക്കുന്നു. ഹദ്റത്ത് അഹ്മദ്(അ) തന്റെ ജീവിതകാലത്തു തന്നെ ഇസ്‌ലാമിന്റെ യഥാർഥ മുഖത്ത് മൂടിയിരുന്ന മറ നീക്കി. അതിന്റെ മഹത്തായ അധ്യാപനങ്ങൾ ലോകത്തിന് സമർപ്പിച്ചു. മനുഷ്യകുലത്തിന്റെ ചരിത്രത്തിൽ സമാധാനത്തിന്റെ സർവശ്രേഷ്ഠ നേതാവും മാർഗദർശിയും ഹദ്റത്ത് മുഹമ്മദ്(സ) ആണെന്ന് അദ്ദേഹം സ്ഥാപിച്ചു. ഈ മഹനീയ പ്രവചനത്തിന്റെ പൂർത്തീകരണം എന്ന നിലയിൽ ഇന്നത്തെ നാമമാത്ര മുസ്‌ലിമീങ്ങളുടെ ദുരന്തപൂർണമായ പ്രവർത്തികൾ കാണുന്നതിലൂടെ തന്നെ അഹ്മദിയ്യാ മുസ്‌ലിമീങ്ങളുടെ വിശ്വാസത്തിന് ശക്തി ലഭിക്കുന്നു.

ഈ ആമുഖ ഭാഷണത്തിനുശേഷം ഞാനിപ്പോൾ സംക്ഷിപ്തമായി നബി(സ)തിരുമേനി നല്കിയ യഥാർഥ അധ്യാപനങ്ങൾ വിവരിക്കാം. ലോകത്ത് ചിരകാല സമാധാനം സ്ഥാപിക്കാൻ വേണ്ടി നബി(സ)തിരുമേനി നിർവഹിച്ച സമാനതകളില്ലാത്ത ശ്രമങ്ങളെ സ്പർശിക്കുന്നതാണിത്.

നബി(സ)തിരുമേനി നമ്മെ പഠിപ്പിച്ച സുപ്രധാനമായ ഒരടിസ്ഥാന വിഷയമുണ്ട്. ലോകത്ത് എല്ലാ ഓരോരുത്തർക്കും അവരവരുടെ മാനസിക വ്യാപാരവും താൽപര്യവുമുണ്ട്. ഇവ ഒരാൾക്ക് മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമാണ്. അധിക ജനങ്ങളും സമാധാനം ആഗ്രഹിക്കുന്നു എന്നത് ഒരു യാഥാർഥ കാര്യമാണ്. എന്നാൽ, വളരെയധികം ആളുകൾ കേവലം സ്വന്തം സമാധാനവും സുരക്ഷിതത്വവും ആഗ്രഹിക്കുന്നു. അവർക്ക് മറ്റുള്ളവരുടെ വിജയത്തെ കുറിച്ചുള്ള ചിന്ത തികച്ചും ഇല്ല എന്നു തന്നെ പറയാം. മനുഷ്യ മനശ്ശാസ്ത്രം പറയുന്നത് മനുഷ്യൻ സ്വയം സമാധാനം ആഗ്രഹിക്കുന്നു എന്നതിനോടൊപ്പം അവന്റെ എതിരാളികളുടെ സന്തോഷമോ സമാധാനമോ ആഗ്രഹിക്കാറില്ല. ജനങ്ങൾ സമാധാനത്തിന്റെ പലതരം വശങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നതെന്നതും ഒരു യാഥാർഥ്യമാണ്. ഉദാഹരണമായി ചിലർ കേവലം സ്വന്തം മനസ്സിന്റേയും ഹൃദയത്തിന്റേയും സമാധാനത്തിന് മാത്രം പ്രാധാന്യം നല്കുന്നു. ചിലർ സ്വന്തം വീടിന്റെ മാത്രം സമാധാനം ആഗ്രഹിക്കുന്നു. ചിലർ സ്വന്തം അയൽവാസികൾക്ക് സമാധാനത്തിന് വേണ്ടി മോഹിക്കുന്നു. ചില വ്യക്തികൾ അവരുടെ പ്രദേശത്തിനും പട്ടണത്തിനും വേണ്ടി ആഗ്രഹിക്കുമ്പോൾ ചിലർ സ്വന്തം രാജ്യത്തിന്റെ സമാധാനത്തിന് മുഖ്യത്വം കൊടുക്കുന്നു. എന്നാൽ, സ്വന്തം സവിശേഷ താൽപര്യത്തിനല്ലാതെ അവർക്ക് മറ്റ് പട്ടണങ്ങളിലും രാജ്യങ്ങളിലും എന്തു നടക്കുന്നു എന്നോ ലോകത്തിന്റെ ഇതര ഭാഗത്ത് എന്താണ് നടക്കുന്നതെന്നോ ഒരു ചിന്തയും ഇവർക്ക് ഉണ്ടാകുന്നില്ല. ഇതര ലോകത്തുള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകളോടും കാഠിന്യങ്ങളോടും ഇവർക്ക് ഒരു വിധ ദയയോ സ്നേഹമോ ഉണ്ടാകാറില്ല.

മുമ്പേയുള്ള കാലഘട്ടങ്ങളിൽ ഈ വൈകാരിക നിഷേധത്തിനും മനസ്സിന്റെ മരവിപ്പിനും ചില ന്യായങ്ങൾ സമർപ്പിച്ചിരുന്നു. കാരണം, സമൂഹവും ജനതകളും ഇന്നത്തേതുപോലെ ബാഹ്യമായ ബന്ധങ്ങൾ നിലനിറുത്തിയിരുന്നില്ല. അക്കാലഘട്ടത്തിലെ വാർത്താവിനിമയ ബന്ധങ്ങൾ വളരെയധികം പരിമിതമായിരുന്നു. ഒരു പ്രദേശത്തിന്റേയും രാജ്യത്തിന്റേയും അവസ്ഥകളെ കുറിച്ചുള്ള വിവരം ഇതര പ്രദേശങ്ങൾവരെ എത്തുന്നതിന് ഒരു കാലഘട്ടം ആവശ്യമായി വന്നിരുന്നു. അധിക വാർത്തകളും എത്തിക്കഴിയുമ്പോൾ പഴയതായി കഴിഞ്ഞിരുന്നു. സാഹചര്യങ്ങൾ വീണ്ടും മാറിയിരുന്നു. അതുകൊണ്ട്, പ്രസ്തുത കാലഘട്ടങ്ങളിൽ മറ്റുള്ളരുടെ വേദനയെ തിടുക്കത്തിൽ മനസ്സിലാക്കാനോ വിദൂരപ്രദേശങ്ങളിൽ ജനങ്ങളെ സഹായിക്കാനുള്ള ശ്രമം നടത്താനോ വളരെ ദുഷ്കരമായിരുന്നു. എന്നാലിന്ന് ലോകം തികച്ചും മാറി. അത് ആഗോള ഗ്രാമമായിരിക്കുന്നു. ബാഹ്യമായ നിലയിൽ ലോകം ബന്ധപ്പെട്ടിരിക്കുന്നു. ദൂരം ചുരുങ്ങിയിരിക്കുന്നു. പരസ്പരം ബന്ധപ്പെടാനുള്ള തടസ്സങ്ങളെല്ലാം നീങ്ങിപ്പോയിരിക്കുന്നു. നമ്മൾ പരസ്പരം ബാഹ്യമായ നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു എന്ന യാഥാർഥ്യം അംഗീകരിക്കാൻ ഇപ്പോഴും വിമുഖത കാണിക്കുന്നു.

ഉദാഹരണമായി മധ്യകിഴക്കൻ രാജ്യങ്ങളിലോ ആഫ്രിക്കയിലോ ഉണ്ടാകുന്ന സാഹചര്യങ്ങൾ കൊണ്ട് യൂറോപ്പിലോ വടക്കേ അമേരിക്കയിലോ ഒരു മാറ്റവും ഉണ്ടാകാറില്ലെന്ന് ധാരാളം പേര് ദൃഢമായും കരുതുന്നു. അതുപോലെതന്നെ ആസ്ട്രേലിയയിലും വിദൂര കിഴക്കൻ രാജ്യങ്ങളിലും താമസിക്കുന്ന ധാരാളം പേർ കരുതുന്നത് ലോകത്തിന്റെ മറ്റൊരു ഭാഗത്ത് നടക്കുന്ന പ്രശ്നങ്ങൾ അവരെ ബാധിക്കില്ലെന്നാണ്. യുക്രൈനും റഷ്യക്കും ഇടയിൽ നടക്കുന്ന തർക്കങ്ങളും കുഴപ്പങ്ങളും ഇവരുടെ ജീവിതത്തെ ബാധിക്കില്ലെന്നാണ് ഇവർ കരുതുന്നത്. ഇന്ന് ലോകത്ത് വ്യാപിക്കുന്ന അസ്വസ്ഥതകളും കുഴപ്പങ്ങളും കേവലം ബാധിത പ്രദേശങ്ങളിൽ മാത്രം പരിമിതമായിരിക്കുമെന്നും പുറത്തേക്ക് വ്യാപിക്കുകയില്ലെന്നും പൊതുവേ കരുതപ്പെടുന്നു.

ഇക്കാര്യങ്ങളെല്ലാം ഒരു ഭാഗത്ത് വെക്കാം. ഇതു കൂടാതെയുള്ള സുപ്രധാനമായ ഒരു പ്രശ്നമുണ്ട്. ഇത് പെരുമാറ്റങ്ങളിലും വിവേകങ്ങളിലും ഒരു വലിയ മാറ്റം സൃഷ്ടിക്കുന്നു. ഞാൻ സംസാരിക്കുന്ന പ്രശ്നം എമിഗ്രേഷനെ സംബന്ധിച്ചാണ്. ഇതിനേക്കാളും വ്യാപകമായ പ്രശ്നം നാടുവിട്ടു വരുന്നവരുടെ പുതു സമൂഹവുമായുള്ള ലയനമാണ്. വളരെയധികം രാജ്യങ്ങളിലേക്ക് പാലായനം ചെയ്തു വരുന്നവരിലെ യുവാക്കളിൽ അസ്വസ്ഥതയും നൈരാശ്യവും വർധിച്ചു വരുന്നതായി കാണപ്പെടുന്നു. ഇവരിലെ ചില യുവാക്കൾ തീവ്രവാദം സ്വീകരിക്കുന്ന പരിധിവരെ നൈരാശ്യം വളർന്നു കഴിഞ്ഞു. തീവ്രവാദ വിഭാഗങ്ങളിൽ ഇവർ പങ്കുചേരുകയും ചെയ്യുന്നു. യഥാർഥത്തിൽ ഇതു മുഖേന ഒരു ഭയം ഉടലെടുക്കുന്നു. കാരണം, പുരോഗതി നേടിയ രാജ്യങ്ങൾക്ക് അവരുടെ യുവാക്കളിൽ വളരെയധികം മോശമായി ഇത് ബാധിക്കുന്നതായുള്ള തിരിച്ചറിവുണ്ട്. ഇക്കാര്യം സമൂഹത്തിന് വളരെ വലിയ അപകടകരമാണ്. ഇതിനോടുള്ള പ്രതികരണം എന്ന നിലയിൽ പുരോഗതി പ്രാപിച്ച രാഷ്ട്രങ്ങളിലെ ഭരണകൂടങ്ങളും നിയമം നടപ്പിലാക്കുന്ന സ്ഥാപനങ്ങളും ഏഷ്യക്കാരുടെമേൽ നിരോധനങ്ങൾ ഏർപ്പെടുത്തുന്നു. ഇവരുടെ സമൂഹവും വ്യക്തികളും സുരക്ഷിതമാകുമെന്ന പ്രതീക്ഷയിലാണ് ഇപ്രകാരം ചെയ്യുന്നത്.

എന്നാൽ, പ്രസ്തുത വീക്ഷണം തെറ്റാണ്. ഇത്തരത്തിലുള്ള അടിസ്ഥാന പ്രശ്നങ്ങൾക്ക് യുക്തമായ പരിഹാരമില്ല. ഈ പ്രശ്നത്തിന്റെ സംക്ഷിപ്തവും പൂർണവുമായ പരിഹാരമാണ് അനിവാര്യമായും കണ്ടെത്തേണ്ടത്. അതുകൊണ്ട്, ഇസ്‌ലാമിന്റെ പരിശുദ്ധ നബി(സ) നമ്മുടെ മുമ്പിൽ ഈ പ്രശ്നത്തിനുള്ള പരിഹാരം സമർപ്പിക്കുന്നു എന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. പ്രകാശമയമായ സ്വന്തം അധ്യാപനങ്ങൾ മുഖേന ആ മഹാത്മാവ് സമാധാനത്തിന്റെ സുവർണ്ണ ഏടുകൾ നമുക്ക് നല്കിയിരിക്കുന്നു. കേവലം ഭൗതികമായ മാർഗങ്ങളിലേക്കും മോഹങ്ങളിലേക്കും ശ്രദ്ധ ഊന്നുന്നതിലൂടെ ലോകസമാധാനം പ്രാപ്തമാക്കാൻ സാധിക്കില്ലെന്ന് ആ മഹാത്മാവ് വിശദമാക്കി. മുസ്‌ലിമീങ്ങളായാലും അമുസ്‌ലിമീങ്ങളായാലും കുഴപ്പങ്ങളിൽനിന്ന് രക്ഷപെടാനും നൈരാശ്യത്തിന്റേയും വെറുപ്പിന്റേയും എരിയുന്ന നെരുപ്പോടിൽനിന്ന് ജനങ്ങൾ സുരക്ഷിതരായിരിക്കാനും കേവലം ഒരേയൊരു മാർഗമേയുള്ളൂവെന്നാണ് ആ മഹാത്മാവ് പഠിപ്പിച്ചത്.

യഥാർഥ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി മനുഷ്യകുലത്തിന് സ്വന്തം സ്രഷ്ടാവിനെ തിരിച്ചറിയേണ്ടതും അവന്റെ സവിധത്തിൽ തലകുനിക്കേണ്ടിയും വരുമെന്ന് അദ്ദേഹം പഠിപ്പിച്ചു. മുസ്‌ലിമീങ്ങളും സ്വന്തം മതത്തിന്റെ യഥാർഥ അധ്യാപനങ്ങൾ മറന്നുകളയുമെന്നും ഉന്നതനായ ദൈവത്തെ തികച്ചും അവഗണിക്കുമെന്നും വിശ്വാസം കേവലം നാവുകളിൽമാത്രം പ

രിമിതമാകുമെന്നും നബി(സ)തിരുമേനി മുൻകൂട്ടി ജാഗ്രതപ്പെടുത്തിയിരുന്നു. ഇതര മതത്തിന്റെ അനുചരന്മാർക്കും ഇതേപോലെ ദൈവത്തെ യഥാർഥമായ നിലയിൽ തിരിച്ചറിയാൻ സാധിക്കില്ലെന്നും ഓരോ മതത്തിലേയും വിശ്വാസമില്ലാത്തവർ ദൈവത്തിന്റെ അസ്തിത്വത്തെ തന്നെ തികച്ചും നിരാകരിക്കുമെന്നും അദ്ദേഹം താക്കീതു ചെയ്തിരുന്നു.

നബി(സ)തിരുമേനി സൂചിപ്പിച്ച ദൈവം സർവ്വ പ്രപഞ്ചത്തിന്റേയും സ്രഷ്ടാവാണ്. വിവിധ ഗുണഗണങ്ങളുള്ള ദൈവത്തിന്റെ ഒരു ഗുണം 'സലാം' എന്നാണ്. അതായത്, സമാധാനം സ്ഥാപിക്കുന്നവൻ. വിശുദ്ധ ഖുർആനിലെ 'ഹശ്ർ' എന്ന അധ്യായത്തിലെ 24-ാം വചനത്തിൽ ഇക്കാര്യം സൂചിപ്പിക്കുന്നു. അല്ലാഹു നബി(സ) തിരുമേനിയെ അഭിസംബോധന ചെയ്തു കൊണ്ട് ജനങ്ങൾ മഹാരാജാവും പരമപരിശുദ്ധനും സമാധാനസമ്രാട്ടും അഭയദാതാവും രക്ഷാപരിപാലകനും പ്രതാപവാനും സർവരേയും അടക്കി ഭരിക്കുന്നവനും മഹാപ്രഭാവനുമായ ദൈവത്തിൽ വിശ്വസിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. ലോകത്തിന് സമാധാനത്തിനുള്ള സാഹചര്യം ഒരുക്കുന്ന അസ്തിത്വം എന്നാണ് സലാം എന്ന പദത്തിന്റെ അർഥം. സമാധാനത്തിന്റെ കിരണങ്ങൾ പുറപ്പെടുന്ന പ്രകാശമാണ് അവൻ. അതുകൊണ്ട്, എല്ലാവിധ സമാധാനത്തിന്റെ ഉറവിടം എന്ന നിലയിൽ സർവ്വ മനുഷ്യകുലത്തിനും ഇടയിൽ സഹവർത്തിത്വവും സമാധാനവും സ്ഥാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

മാതാപിതാക്കൾ സ്വന്തം മക്കൾ പരസ്പരം ഏറ്റുമുട്ടണമെന്നോ വീട്ടിൽ അന്തഛിദ്രത്തിന് കാരണമാകണമെന്നോ ആഗ്രഹിക്കാറില്ല. ദൈവവും തന്റെ സൃഷ്ടികൾ കുഴപ്പങ്ങളിലും അന്തഛിദ്രത്തിലും പെടണമെന്ന് ആഗ്രഹിക്കുന്നില്ല. സൽപ്രകൃതിയും മൈത്രിയും ഇഷ്ടപ്പെടുന്ന സ്വന്തം മക്കളെ മാതാപിതാക്കൾ എന്നും കൂടുതൽ ഇഷ്ടപ്പെടുന്നു. തികച്ചും ഇവ്വിധംതന്നെ സ്വന്തം വികാരങ്ങളെ നിയന്ത്രിക്കുന്നവരേയും സമാധാന കാംക്ഷികളേയും അല്ലാഹു ഇഷ്ടപ്പെടുന്നു. തീവ്രവാദ വീക്ഷണങ്ങൾ പിന്തുടരുന്ന നാമമാത്ര മുസ്‌ലിമീങ്ങൾ അല്ലാഹു വാളുകൊണ്ടുള്ള ജിഹാദിനും യുദ്ധത്തിനും കൽപിച്ചിരിക്കുന്നു എന്ന് വാദിക്കുന്നത് തികച്ചും തെറ്റാണെന്ന് ഉപരി സൂചിതമായ കാര്യങ്ങളിൽ ഗഹനീയമായി ചിന്തിക്കുമ്പോൾ പകൽ വെളിച്ചംപോലെ വ്യക്തമാകും.

നബി(സ)തിരുമേനിയുടെകാലഘട്ടത്തിൽ നടന്ന യുദ്ധങ്ങൾ അതിന്റെ യഥാർഥ വീക്ഷണത്തിൽ നോക്കേണ്ടതാണ്. ഇസ്‌ലാമിന്റെ ആരംഭ വർഷങ്ങളിൽ നബി(സ)തിരുമേനിയും അനുചരന്മാരും ക്രൂരമായ എതിർപ്പിനും വേദനാജനകമായ മർദ്ദനങ്ങൾക്കും ഇരയായി എന്നതിൽ ഒരു സംശയവുമില്ല. പല വർഷങ്ങളുടെ ക്ഷമാപൂർണമായ ജീവിതത്തിനുശേഷം അമുസ്‌ലിം ആക്രമണകാരികൾക്കെതിരിൽ പ്രതിരോധയുദ്ധം നടത്താൻ നബി(സ)തിരുമേനിക്ക് അല്ലാഹുവിന്റെ ഭാഗത്തുനിന്നും അനുമതി നല്കപ്പെട്ടു. ഈ അനുവാദം വിശുദ്ധ ഖുർആനിലെ ഹജ്ജ് എന്ന അധ്യായത്തിലെ 40-ാം വചനത്തിലാണ് നല്കപ്പെട്ടത്. അല്ലാഹു ഇതിൽ പറയുന്നു: മുസ്‌ലിമീങ്ങളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടതുകൊണ്ട് അവരുടെ മുന്നിൽ മറുപടി നല്കുക എന്നതും പ്രതിരോധിക്കുക എന്നതുമല്ലാതെ മറ്റൊരു വഴിയും ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ അവർക്ക് യുദ്ധം ചെയ്യാൻ അനുമതി നല്കപ്പെട്ടു.

പ്രസ്തുത മറുപടി നൽകൽ എന്തുകൊണ്ട് അനിവാര്യമായി എന്ന പ്രശ്നത്തിന് അടുത്ത വചനത്തിൽത്തന്നെ അല്ലാഹു മറുപടി നല്കുന്നു. ഹജ്ജ് എന്ന അധ്യായത്തിലെ 41-ാം വചനത്തിൽ അല്ലാഹു പറയുന്നു: മുസ്‌ലിമീങ്ങളേ! ക്രൂരന്മാരായ ആക്രമണകാരികൾ അവരെ അവരുടെ വീടുകളിൽനിന്ന് അന്യായമായി പുറത്താക്കി. അല്ലാഹു അവർക്കെതിരിൽ അനുമതി നല്കാതിരുന്നെങ്കിൽ പരിധി ലംഘിക്കുന്നവരെ ശക്തി പ്രയോഗത്തിലൂടെ തടുക്കാതിരുന്നെങ്കിൽ ഒരാൾക്കും ശാന്തി സമാധാനത്തോടെ ജീവിക്കുക സാധ്യമാകുമായിരുന്നില്ല. മുസ്‌ലിമീങ്ങൾ സ്വയം പ്രതിരോധം നടത്താതിരുന്നിരുന്നുവെങ്കിൽ മതപരമായി ജനങ്ങൾക്കും ഇതരർക്കും ശാന്തിയോടും സുരക്ഷയോടുംകൂടി ജീവിതം നയിക്കുക സാധ്യമാകുമായിരുന്നില്ല. പ്രസ്തുത വചനത്തിൽത്തന്നെ അല്ലാഹു പറയുന്നു: മുസ്‌ലിമീങ്ങൾ സ്വയം പ്രതിരോധം ചെയ്യാതിരുന്നെങ്കിൽ ഒരു അമ്പലവും യഹൂദ ദേവാലയവും മഠങ്ങളും മസ്ജിദുകളും സുരക്ഷിതമാകുമായിരുന്നില്ല. അവിടെ ജനങ്ങൾ കേവലം ദൈവത്തെ സ്മരിക്കുകയും സമാധാനം വ്യാപിപ്പിക്കുകയും സ്വന്തം ഹൃദയങ്ങളിൽനിന്ന് നാനാവിധ തിന്മകളെ നീക്കാനും വേണ്ടി ഒരുമിച്ചു കൂടിയാലും ശരി. അതുകൊണ്ട് പരിധി ലംഘകരായ ഇവരെ തടുക്കാനുള്ള അനുവാദം അല്ലാഹു നല്കി.

അനുവാദം നൽകപ്പെടാതിരുന്നെങ്കിൽ എല്ലാ ആരാധനാലയങ്ങളും തുടച്ചു നീക്കപ്പെടുകയും ലോകത്തിന്റെ സമാധാനം പൂർണമായും ഇല്ലാതാകുകയും ചെയ്യുമായിരുന്നു. കേവലം അക്രമവും അനീതിയും അവസാനിപ്പിക്കാൻ വേണ്ടിയാണ് പ്രതിരോധ യുദ്ധത്തിന് അല്ലാഹു അനുവാദം നൽകിയത്. സർവ ജനങ്ങളുടെ സ്വാതന്ത്ര്യവും അവകാശങ്ങളും കവർന്നെടുക്കാൻ ആഗ്രഹിക്കുന്നവരെ തടയാനുള്ള അനുവാദമാണ് നല്കപ്പെട്ടത്. മതപരമായ സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനംതന്നെ നശിപ്പിക്കുന്നതിന് വാതിൽപ്പടിയിൽ വന്നവരെ തടയാനാണ് ഈ അനുവാദം നല്കപ്പെട്ടത്. കേവലം ഇസ്‌ലാമിനെ പ്രതിരോധിക്കാൻ മാത്രമല്ല അനുവാദം നൽകപ്പെട്ടത്. പ്രത്യുത, എല്ലാ മതങ്ങളേയും എല്ലാ വിശ്വാസങ്ങളേയും സംരക്ഷിക്കാൻ വേണ്ടിയാണ്. മസ്ജിദുകളും ഇതര മതങ്ങളുടെ ആരാധനാലയങ്ങളും സമാധാന കേന്ദ്രമാണെന്ന് ഇതേ ഖുർആനിക വചനത്തിൽനിന്ന് പഠിക്കാൻ കഴിയുന്നു. സ്നേഹാനുകമ്പ വ്യാപിപ്പിക്കുന്നതിനുവേണ്ടിയാണ് ഇത് നിർമിക്കപ്പെട്ടിട്ടുള്ളത്. ഒരു തരത്തിലുമുള്ള തീവ്രവാദവും വെറുപ്പും വ്യാപിപ്പിക്കാനല്ല.

അൻഫാൽ എന്ന അധ്യായത്തിലെ 62-ാം വചനത്തിൽ വളരെ സുന്ദരമായ അധ്യാപനം അല്ലാഹു നബി(സ)തിരുമേനിക്ക് നല്കിയിരിക്കുന്നു. ഇത് സമാധാനവുംശാന്തിയുംസ്ഥാപിക്കാൻഉതകുന്ന സാഹചര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ മുസ്‌ലിമീങ്ങളോട് ആഹ്വാനം ചെയ്യുന്നു. യുദ്ധസാഹചര്യത്തിൽ പോലും അത് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. നിങ്ങളുടെ ശത്രുക്കൾ സമാധാനത്തിനും പരസ്പര ധാരണക്കും വേണ്ടി കൈകൾ നീട്ടിയാൽ ഒരു മടിയും കൂടാതെ അത് സ്വീകരിക്കണമെന്നും പ്രസ്തുത വചനം ആഹ്വാനം ചെയ്യുന്നു. ഇതിനുശേഷം അല്ലാഹുവിന്റെമേൽ ഭരമേൽപ്പിക്കേണ്ടതാണ്. പരസ്പരധാരണയ്ക്കുവേണ്ടി ആഹ്വാനം ഉണ്ടാകുമ്പോൾ അതിൽ ചതി സംശയിക്കാതെയും ശത്രു വഞ്ചിക്കാൻ ശ്രമിക്കുന്നു എന്ന് വിചാരിക്കാതെയും അല്ലാഹുവിൽ ഭരമേൽപ്പിക്കാനാണ് മുസ്‌ലിമീങ്ങളോട് പറയപ്പെട്ടത്. സാധ്യമാകുന്ന ഇടങ്ങളിലെല്ലാം പരസ്പരമുള്ള അകൽച്ചകൾ അവസാനിപ്പിക്കണമെന്ന അധ്യാപനം മുസ്‌ലിമീങ്ങൾക്ക് അല്ലാഹു നല്കി. മതമില്ലാത്തവരോടും ദൈവത്തിൽ വിശ്വാസമില്ലാത്തവരോടും തങ്ങളുടെ ഹൃദയങ്ങളിൽ ശത്രുത വെച്ചു പുലർത്തുന്നവരോടും ഇതേ നിലപാട് സ്വീകരിക്കാൻ നിർദ്ദേശിച്ചു. യഥാർഥത്തിൽ ലോകത്ത് സഹവർത്തിത്വം സുസ്ഥിരമാക്കുന്നതിനും സമാധാനത്തിന്റെ ഓരോ അവസരത്തേയും സുശക്തമാക്കുന്നതിനും മുസ്‌ലിമീങ്ങൾ പങ്കു വഹിക്കാൻ അല്ലാഹു ഊന്നൽ നല്കുന്നു.

ഹാമീം സജദ എന്ന അധ്യായത്തിലെ 35-ാം വചനത്തിൽ സൂചിപ്പിച്ച ഒരു കാര്യത്തെ കുറിച്ച് നബി(സ)തിരുമേനി എടുത്തു പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു:

'സമാധാനം സുസ്ഥാപിതമാക്കുന്നതിന് തിന്മകൾക്കുള്ള മറുപടി സൽപ്രവർത്തിയിലൂടെയും നന്മ മുഖേനയും നല്കുക.'

വെറുപ്പിനുള്ള മറുപടി സ്നേഹം കൊണ്ട് നല്കിയാൽ ശത്രുതയുടേയും ഭിന്നതയുടേയും കയത്തിൽനിന്ന് ചങ്ങാത്തവും ഐക്യവും പൊന്തിവരും എന്ന ചില പ്രതീക്ഷകളാണ് ഈ കൽപന നല്കപ്പെട്ടതിലെ യുക്തി.

എത്ര നല്ല സുന്ദരമായ അധ്യാപനമായിരുന്നു ഇത്. നബി(സ)തിരുമേനി സമാധാനത്തിന്റേയും പരസ്പര ധാരണയുടേയും സുരക്ഷിതത്വത്തിന്റേയും സ്നേഹത്തിന്റേയും അധ്യാപനങ്ങൾ സ്ഥിരീകരിക്കുന്ന എണ്ണമറ്റ ഉദാഹരണങ്ങൾ തീർച്ചയായുമുണ്ട്. അവയിൽനിന്ന് ചിലത് മാത്രമാണ് ഞാൻ സമർപിച്ചത്. ഇസ്‌ലാമിന്റെ ദൈവമായ അല്ലാഹു തന്റെ സൃഷ്ടികൾക്കു വേണ്ടി ശാന്തിയും സമാധാനവും സ്നേഹവും ആഗ്രഹിക്കുന്നുവെന്ന് ഇതു സ്ഥാപിക്കുന്നു.

അതുകൊണ്ട്, ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ തീവ്രവാദമോ വെറുപ്പോ പ്രചരിപ്പിക്കുന്നു എന്ന്

## • ഹദീഥുന്നബ്‌വി(സ): •

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

**(തിർമുദി, അബ്‌വാബുദ്ദഅ്‌വാത്ത്)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

## • അല്ലാഹുവിന്റെ കലാം: •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ." (വിശുദ്ധ ഖുർആൻ 3:148)**

ത്വാലിബെ ദുആ:
K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail :badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 04 May 2023 Issue-18

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

മനസ്സിലാക്കുന്നവർ തങ്ങളുടെ മനസ്സുകളിൽ നിന്നും ഹൃദയങ്ങളിൽനിന്നും ഇവ്വിധ ആശങ്കകളും തെറ്റായ ധാരണകളും എന്നേക്കുമായി നീക്കിയേക്കുക. വിഡ്ഢിത്തപരമായ കൊലപാതകങ്ങളും കലഹങ്ങളും നിറയുന്നതായി നമ്മൾ കാണുന്ന ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്കുമെതിരിൽ വരുന്ന ആരോപണം ഇതിനെ ബാധിക്കില്ല. വെറുപ്പും സ്വാർഥതയും മുഖമുദ്രയാക്കിയ നാമമാത്ര മുസ്‌ലിമീങ്ങൾ ചെയ്ത പ്രവർത്തനത്തിന്റെ ഫലമാണിത്. ഇവർ സ്വന്തം സ്വാർഥതക്കുവേണ്ടി ഇസ്‌ലാമിന്റെ യഥാർഥ ആത്മാവിനെ മലിനീകരിക്കുന്നു.

ദൈവത്തിന്റെ വാഗ്ദാനങ്ങൾക്കനുസരിച്ച് ഇന്ന് നിലകൊള്ളുന്നത് കേവലം അഹ്മദിയ്യാ ജമാഅത്താണ്. ഇസ്‌ലാമിന്റെ സത്യസന്ധമായ അധ്യാപനങ്ങൾകൊണ്ട് ഇത് ലോകത്തെ പ്രകാശിതമാക്കുന്നു. ഇതേ കാരണത്താലാണ് ഓരോ വർഷവും ലക്ഷക്കണക്കിന് മുസ്‌ലിമീങ്ങളും അമുസ്‌ലിമീങ്ങളും അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നത്. ദൈവത്തിന്റെ സ്നേഹം കരസ്ഥമാക്കാൻവേണ്ടിയും യഥാർഥ സമാധാനവും സംതൃപ്തിയും നേടാൻ വേണ്ടിയും മാത്രമാണ് അവർ അഹ്മദീ മുസ്‌ലിമീങ്ങളാകുന്നത്. തീവ്രവാദ വിഭാഗത്തിന്റെ ഭാഗമാകുന്നവരും അക്രമപരമായ മാർഗേണ ലോകത്ത് ഇസ്‌ലാമിന്റെ പ്രിയനാമം വികൃതമാക്കുന്നവരും സ്വവികാരങ്ങളേയും പ്രതികരണങ്ങളേയും നിയന്ത്രിക്കാൻ സാധിക്കാത്ത നൈരാശ്യം ബാധിച്ചവരേയും പോലെയല്ല ഈ അഹ്മദികൾ.

ഇന്ന് തികച്ചും തെറ്റായ രീതിയിൽ ഇസ്‌ലാമിനെ സമർപിക്കുമ്പോൾ നമ്മൾ അഹ്മദികൾ ധൈര്യം കൈവിടുകയോ നിരാശരാവുകയോ ചെയ്യുന്നില്ല. നമ്മൾ വിജയിക്കുമെന്ന ഉറച്ച വിശ്വാസമുണ്ട്. ഒരു നാൾ ലോകത്ത് ഇസ്‌ലാമിന്റെ യാഥാർഥ സൂര്യൻ തീർച്ചയായും ഉദിക്കും. ഓരോ രാജ്യത്തിലേയും സമൂഹത്തിലേയും ആളുകൾ ഈ സുന്ദരമായ അധ്യാപനം മനസ്സിലാക്കും.

ഈ വാക്കുകളോടൊപ്പം ഒരിക്കൽ കൂടി നിങ്ങളെല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് വിരാമമിടുന്നു. നിങ്ങളുടെ സമയത്തിൽനിന്ന് കുറച്ചു കണ്ടെത്തി എന്റെ വാക്കുകൾ ശ്രവിക്കാൻ ഇവിടെ വന്നതിന് വളരെയധികം നന്ദിയുണ്ട്. അല്ലാഹു നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ. നിങ്ങൾക്കു നന്ദി.

ഹുദൂറിന്റെ ഈ പ്രഭാഷണം 04.45 വരെ നീണ്ടുനിന്നു. തുടർന്ന് ദുആക്ക് നേതൃത്വം നല്കിയ ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

**അതിഥികളുടെ പ്രതികരണങ്ങൾ**

ഹുദൂറിന്റെ പ്രഭാഷണം അതിഥികളിൽ അഗാധമായ സ്വാധീനമാണ് ചെലുത്തിയത്. ധാരാളം അതിഥികൾ അത് തുറന്നു പറയുകയും ചെയ്തു; ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണം തങ്ങളുടെ ഹൃദയത്തെ മാറ്റി മറിച്ചുവെന്ന്!

ചില അതിഥികളുടെ പ്രതികരണങ്ങൾ ചുവടെ ചേർക്കുന്നു:

✸ മൊറോക്കോയിൽനിന്നു വന്ന ഒരു സ്നേഹിതൻ മുസ്ത്വഫാ ജനാഹ് സാഹിബ് ബെൽജിയമിൽനിന്ന് ജൽസയിൽ പങ്കെടുക്കാൻ എത്തിയിരുന്നു. അദ്ദേഹം പറയുന്നു:

ഇവിടെ വന്നതിനുശേഷം സ്വന്തം വികാരങ്ങൾ പ്രകടിപ്പിക്കാൻ ഞാൻ അശക്തനാണ്. ആത്മാവിന്റെ അടിത്തട്ടുവരെ സ്വാധീനം ചെലുത്തിയ ആത്മീയ കാഴ്ചകൾ ഞാൻ കണ്ടു. ഇസ്‌ലാമിന്റെ ശരിയായ ചിത്രം എനിക്കിവിടെ കാണാൻ സാധിച്ചു. ഏകദേശം 2 വർഷമായി എനിക്ക് ജമാഅത്തിനെ അറിയാം. എന്നാൽ 3 മാസമായി പതിവായി ജമാഅത്തിന്റെ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കാര്യങ്ങൾ ദർശിക്കുന്നു. എന്നാൽ, കാലത്തിന്റെ ഖലീഫയെ ദർശിക്കുകയും അദ്ദേഹത്തിന്റെ പ്രഭാഷണം ശ്രവിക്കുകയും ചെയ്തതിനു ശേഷം അഹ്മദിയ്യത്തിനെ കുറിച്ചുള്ള എന്റെ വീക്ഷണം മാറി. അല്ലാഹു എനിക്ക് ദീനിന്റെ സേവകനും ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ സന്ദേശത്തെ ലോകത്ത് വ്യപിപ്പിക്കാൻ സാധിക്കും വിധത്തിൽ ബയ്അത്ത് ചെയ്യാനുള്ള അവസരവും ഒരുക്കിതരുമാറാകട്ടെ. ആമീൻ.

✸ ബെൽജിയമിൽ നിന്നു വന്ന ഒരു മൊറോക്കോ സ്വദേശി മുഹമ്മദ് ലിയാവി സാഹിബ് പറയുന്നു:

ഒരു വർഷമായി ഞാൻ ബ്രസൽസിലെ അഹ്മദിയ്യാ മസ്ജിദിന് അടുത്താണ് താമസിക്കുന്നത്. ഏകദേശം മൂന്ന് മാസമായി അഹ്മദിയ്യത്തിനെ കുറിച്ച് വായിച്ചു വരുന്നു. അഹ്മദിയ്യാ ജമാഅത്ത് മറ്റു വിഭാഗങ്ങളെ പോലെ ബിദ്അത്താണെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. ഗ്രന്ഥങ്ങൾ വായിക്കുന്നതിനനുസരിച്ച് എന്റെ ചിന്തകൾ മാറിക്കൊണ്ടേ ഇരുന്നു. അഹ്മദിയാകുമെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല. ഇപ്പോൾ എനിക്ക് ഹൃദയത്തിന് ശാന്തി കൈവന്നിരിക്കുന്നു. വർഗ വർണ വ്യത്യാസം കൂടാതെ ഈ ജമാഅത്തിൽ നിലനിൽക്കുന്ന സൽസ്വഭാവവും സ്നേഹവും മാനുഷിക ശ്രമങ്ങൾകൊണ്ടു മാത്രം സാധ്യമല്ല. ഈ ജമാഅത്തിന്റേമേൽ ദൈവത്തിന്റെ കൈയ്യുണ്ട്. ഖലീഫത്തുൽ മസീഹിനെ കണ്ടപ്പോൾത്തന്നെ ഞാൻ ബയ്അത്ത് ചെയ്യാൻ തീരുമാനം എടുത്തിരുന്നു. ഇനി അല്ലാഹു എന്റെ ഭാര്യക്കും കുട്ടികൾക്കും നേർമാർഗം പ്രദാനം ചെയ്യുമാറാകട്ടെ.

മൊറോക്കോ സ്വദേശിയായ അബ്ദുല്ലാഹ് കയിൽനാനി(Kailnani) സാഹിബും ബെൽജിയമിൽ നിന്നു വന്നിരുന്നു. അദ്ദേഹം പറയുന്നു:

ഞാൻ മൊറോക്കോ അഹ്മദിയാണ്. ബെൽജിയം, ഹോളണ്ട് ജൽസാ സാലാനകളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ഖലീഫത്തുൽ മസീഹ് പങ്കെടുക്കുന്ന ജൽസയിൽ ഞാനാദ്യമായാണ് പങ്കെടുക്കുന്നത്. തികച്ചും തേനീച്ചകളുടെ റാണിയും അതിനു കീഴിലുള്ള സംവിധാനവും പോലെയാണ് എനിക്ക് ഇവിടുത്തെ എല്ലാ സംവിധാനത്തേയും കാണാൻ കഴിഞ്ഞത്. (തുടരും)

**(പേജ് 1ൽനിന്ന്)**

ഇസ്‌ലാമിക പ്രബോധനത്തിന് അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ, ഇക്കാര്യം നമ്മുടെ കുട്ടികളിലും നൂറ്റാണ്ടുകളോളം നിലനിൽക്കും വിധം നമ്മുടെ ഉള്ളിൽ ആഴത്തിൽ ഇറങ്ങിച്ചെന്നിട്ടുണ്ടെന്ന് നമുക്ക് പറയാൻ സാധിക്കുകയില്ല. ചിലയാളുകളുടെ മക്കളിൽ - അവരിലാണെങ്കിൽ നൂറ്റാണ്ടുകളൊന്നും കടന്നുകഴിഞ്ഞിട്ടില്ല - ഇപ്പോൾമുതൽതത്തന്നെ അവരുടെ പിതാക്കന്മാരിലും പ്രപിതാക്കന്മാരിലും ഉണ്ടായിരുന്ന ആത്മാർഥത കാണാൻ കഴിയുന്നില്ല. വാസ്തവത്തിൽ നമ്മുടെ യഥാർഥ പെരുന്നാൾ അന്ത്യനാൾവരെ മുഹമ്മദു റസൂലുല്ലായുടെ(സ)പതാക നാട്ടിനിറുത്തുമ്പോഴാണ് നമ്മുടെ യഥാർഥ പെരുന്നാളുണ്ടാകുന്നത്. നമ്മുടെ മരണത്തിനുശേഷവും മുഹമ്മദു റസുലുല്ലാ(സ)യുടെ പേരും ഇസ്‌ലാമിന്റെ അധ്യാപനവും വ്യാപിച്ചുകൊണ്ടിരിക്കുമെന്ന ആവേശം നമ്മുടെ മക്കളിൽ നമുക്ക് കാണാൻ കഴിയുന്നില്ലെങ്കിൽ നമ്മൾ ഭയപ്പെട്ടിരിക്കേണ്ടതാണ്. ഈ നേരത്ത് താൽക്കാലികമായ നിലയിൽ നമുക്ക് പെരുന്നാളാണെങ്കിലും അല്പംകാലത്തിനുശേഷം - അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ, നമുക്ക് ദുഃഖമാകാതിരിക്കട്ടെ. അതുകൊണ്ട് ഞാൻ സഹോദരന്മാരെ ഉപദേശിക്കുകയാണ്, അന്ത്യനാൾവരെ ഇസ്‌ലാമിന്റെ പതാക തലയുയർത്തി നില്ക്കുമെന്നും അവർ തങ്ങളേയും തങ്ങളുടെ കുടുംബാദികളേയും പരിഷ്കരിച്ചെടുക്കുമെന്നും നമ്മുടെ ജീവിതംമാത്രം പെരുന്നാളിന്റേതാകാതെ നമ്മുടെ മരണവും പെരുന്നാളിന്റേതായിത്തീരാൻ മുഹമ്മദു റസൂലുല്ലായുടെ(സ) അധ്യാപനത്തെ ലോകത്ത് പ്രചരിപ്പിക്കുമെന്നും ദൃഢവിശ്വാസം വരുത്തുക."(ഖുത്വ്ബ ഈദ്, 1957 മെയ് 2, ഖുത്വ്ബാത്തെ മഹ്മൂദ്, വാല്യം 1, പേജ് 489)

THE WEEKLY
AL HAKAM
www.alhakam.org

**(പേജ് 1ൽനിന്ന്)**

ഷ്യനെ നരകത്തിന്റെ അടുത്ത് കൊണ്ടുപോയിക്കൊണ്ടിരിക്കുകയും ഉള്ളിന്റെയുള്ളിൽ അവനെ ദൈവകോപത്തിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തുകൊണ്ടിരുന്ന ആ ദുഷ്കർമങ്ങളുടെ കർമപുസ്തകം കഴുകപ്പെടുന്നത്. അവന്റെ പാപം പൊറുക്കപ്പെടുകയും ചെയ്യുന്നു. യഥാർഥത്തിൽ അതിനെക്കാളുപരിയായി മനുഷ്യന് മറ്റെന്ത് സന്തോഷവും പെരുന്നാൾ ദിനവുമായിരിക്കും അവനെ ശാശ്വതമായ നരകത്തിൽനിന്നും എന്നെന്നും നിലനില്ക്കുന്ന ദൈവകോപത്തിൽനിന്നും മോക്ഷം നല്കുന്നത്. ആദ്യം അല്ലാഹുവിൽനിന്നകന്നവനും അവന്റെ കോപത്തിന് കുറിമാനമാകുകയും ചെയ്ത തൗബ ചെയ്യുന്ന പാപി ഇപ്പോൾ അവന്റെ കൃപകൊണ്ട് അവനോടടുക്കുകയും നരകത്തിൽനിന്നും ശിക്ഷയിൽനിന്നും അകറ്റപ്പെടുകയും ചെയ്യുന്നു. *ഇന്നല്ലാഹ യുഹിബ്ബു തവ്വാബീന വ യുഹിബ്ബുൽമുത്തത്വഹ്ഹിരീൻ* എന്ന് അല്ലാഹു പറഞ്ഞതുപോലെ!" (മൽഫൂദാത്ത് വാല്യം 4, പേജ് 114, 2003 പതിപ്പ് ഖാദിയാൻ)

## ത്വാലിബെ ദുആ

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?" (വിശുദ്ധ ഖുർആൻ 54:18)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM JAYGAM-WEST-BENGAL Phone: 97348 44732**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin